ayaath

KUWAIT KERALA ISLAHI CENTRE

Ayaath

ഓൺലൈൻ ക്വുർആൻ പരീക്ഷ 2.0

2025 ജൂൺ വെള്ളി **27**

KUWAIT : 2PM - 11PM

UAE : 3PM - 12AM

INDIA : 4:30PM - 2:30AM

സിലബസ്

സൂറത്ത് അൽ അസ്ർ മുതൽ സൂറത്ത് അൽ മസദ് വരെ

അമാനി മൗലവിയുടെ തഫ്സീർ

For Registration :

www.ayaathqhlc.com

കുവൈത്ത് കേരള ഇസ്‌ലാഹി സെൻ്റർ | ക്യു.എച്ച്.എൽ.സി വിഭാഗം

سورة اللّهب

111. സൂറതുല്ലഹബ്

(ഈ അദ്ധ്യായത്തിന് സൂറത്ത് 'തബ്ബത്ത്' (تَبَّتْ) എന്നും, സൂ: 'മസദ്' (الْمَسَد) എന്നും പേരുണ്ട്. ഈ വാക്കുകളുടെ അർത്ഥം താഴെ കാണാം.)

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 5

സൂറത്ത് ശുഅറാഇലെ 214 -ാം സൂക്തമായ وَأَنذِرْ عَشِيرَتَكَ الأَقْرَبِينَ (നിന്റെ അടുത്ത ബന്ധുക്കൾക്ക് താക്കീത് നൽകുക) എന്ന വചനം അവതരിച്ചപ്പോൾ, നബിﷺ സഫാ കുന്നിൻ മുകളിൽ കയറി അടുത്ത കുടുംബങ്ങളെയെല്ലാം വിളിച്ചുവരുത്തി. 'ഞാൻ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് നിങ്ങളെ താക്കീത് ചെയ്യാൻ അയക്കപ്പെട്ട ദൂതനാണ്' എന്ന് അവരെ പൊതുവായും, ഓരോരുത്തരെ പേരുവിളിച്ചു പ്രത്യേകം പ്രത്യേകമായും അറിയിക്കുകയുണ്ടായി. ഈ അവസരത്തിൽ തിരുമേനിയുടെ പിതൃവ്യനായ അബൂലഹബ് കൈകുടഞ്ഞ് എഴുന്നേറ്റുകൊണ്ട് ഇങ്ങനെ പറഞ്ഞു: تبالك سائر الايام الهذا جمعتنا(എല്ലാ നാളുകളിലും- കാലം മുഴുവനും -നിനക്ക് നാശം! ഇതിന് വേണ്ടിയാണോ ഞങ്ങളെ നീ ഒരുമിച്ചുകൂട്ടിയത്?!) ഇതിനെത്തുടർന്ന് ഈ സൂറത്ത് അവതരിച്ചു. ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ചിട്ടുള്ള ഈ സംഭവത്തിന്റെ പൂർണരൂപം സൂ: ശുഅറാഇൽ നാം ഉദ്ധരിച്ചിരിക്കുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

تَبَّتۡ يَدَآ أَبِي لَهَبٖ وَتَبَّ ﴿١﴾

﴾1﴿ അബൂലഹബിന്റെ ഇരുകരങ്ങൾ (നഷ്ടമടഞ്ഞു) നശിക്കട്ടെ! അവൻ (ശാപമടഞ്ഞു) നശിച്ചുതാനും.

مَآ أَغۡنَىٰ عَنۡهُ مَالُهُۥ وَمَا كَسَبَ ﴿٢﴾

﴾2﴿ അവന് അവന്റെ ധനവും, അവൻ സമ്പാദിച്ചുവെച്ചതും ഉപകാരപ്പെട്ടിട്ടില്ല.

سَيَصۡلَىٰ نَارٗا ذَاتَ لَهَبٖ ﴿٣﴾

﴾3﴿ ജ്വാലയുള്ളതായ ഒരഗ്നിയിൽ [നരകത്തിൽ] അവൻ വഴിയെ കടന്നെരിയും!

وَٱمۡرَأَتُهُۥ حَمَّالَةَ ٱلۡحَطَبِ ﴿٤﴾

﴾4﴿ അവന്റെ ഭാര്യയും- (അതെ, ആ) വിറകുചുമട്ടുകാരി. (അവളും കടന്നെരിയും)!

فِي جِيدِهَا حَبۡلٞ مِّن مَّسَدِۭ ﴿٥﴾

﴾5﴿ അവളുടെ കഴുത്തിൽ (ഈത്തനാരിനാൽ) പിരിച്ച ഒരു ചൂടിക്കയർ ഉണ്ടായിരിക്കും.

﴾1﴿ تَبَّتۡ നശിക്കട്ടെ, നഷ്ടപ്പെട്ടു, വലയട്ടെ يَدَآ أَبِي لَهَبٖ അബൂലഹബിന്റെ ഇരുകരങ്ങൾ, കൈകൾ وَتَبَّ അവൻ നശിക്കയും ചെയ്തിരിക്കുന്നു, അവനും നശിക്കട്ടെ ﴾2﴿ مَآ أَغۡنَىٰ പര്യാപ്തമാക്കിയില്ല, ഉപകാരപ്പെട്ടില്ല, ഐശ്വര്യമാക്കിയിട്ടില്ല عَنۡهُ مَالُهُۥ അവന് അവന്റെ ധനം وَمَا كَسَبَ അവൻ സമ്പാദിച്ചതും ﴾3﴿ سَيَصۡلَىٰ വഴിയെ അവൻ കടന്നെരിയും نَارٗا ഒരു അഗ്നിയിൽ ذَاتَ لَهَبٖ ജ്വാലയുള്ളതായ ﴾4﴿ وَٱمۡرَأَتُهُۥ അവന്റെ സ്ത്രീ (ഭാര്യ)യും حَمَّالَةَ ചുമട്ടുകാരി ٱلۡحَطَبِ വിറക് ﴾5﴿ فِي جِيدِهَا അവളുടെ കഴുത്തിലുണ്ട്, കഴുത്തിലുണ്ടാകും حَبۡلٞ ഒരു കയർ مِّن مَّسَدِۭ (ഈത്തനാരിന്റെ) ചൂടിയുടെ, പിരിച്ച ചൂടി കൊണ്ടുള്ള

നബി തിരുമേനി ﷺ യുടെ പിതൃവ്യൻ അബൂലഹബിന്റെ സാക്ഷാൽ പേർ 'ഉസ്സാ' എന്ന വിഗ്രഹത്തിന്റെ അടിമ എന്നർത്ഥമുള്ള അബ്ദുൽ ഉസ്സാ (عبد العزى) എന്നത്രെ. അബൂലഹബിന്റെ മുഖം വളരെ ശോഭയും തെളിവും ഉണ്ടായിരുന്നതുകൊണ്ടാണ് 'അബൂലഹബ്' എന്ന പേരിൽ അയാൾ അറിയപ്പെട്ടത് എന്ന് പറയപ്പെടുന്നു. അപ്പോൾ, ജ്വലിക്കുന്ന മുഖമുള്ളവൻ എന്ന ഉദ്ദേശ്യത്തിലായിരിക്കും ആ പേര് വന്നത്. (*) മുകളിൽ ഉദ്ധരിച്ച ഹദീഥിൽ കണ്ടതുപോലെ, നബി ﷺ തൗഹീദിന്റെ പ്രബോധനം എപ്പോൾ തുടങ്ങിയോ അപ്പോൾ മുതൽ അവൻ നബി ﷺ യുടെ ശത്രുവായി പ്രത്യക്ഷപ്പെട്ടു. മരണംവരെ കഠിന വൈരം തുടരുകയും ചെയ്തു. അബൂലഹബിനെപ്പോലെത്തന്നെ നബി ﷺ യുടെ ഒരു പിതൃവ്യനായിരുന്നു അബൂത്വാലിബും. എന്നാൽ, അദ്ദേഹം തിരുമേനിയുടെ വാത്സല്യം നിറഞ്ഞ രക്ഷാകർത്താവായിരുന്നുവെന്ന് മാത്രമല്ല, അദ്ദേഹം ശിർക്കിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ തിരുമേനിയെ മരണംവരെ തന്നാൽ കഴിയുംവിധം സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അബൂലഹബാകട്ടെ ചുരുങ്ങിയപക്ഷം സ്വന്തം സഹോദരപുത്രനെന്ന നിലക്ക് ഉപദ്രവിക്കാതിരിക്കുകയെങ്കിലും ചെയ്തില്ല. നേരെമറിച്ച് കിട്ടിയ അവസരമെല്ലാം തിരുമേനിയെ ഉപദ്രവിക്കുവാനും അപമാനിക്കുവാനും വിനിയോഗിക്കയാണ് ചെയ്തത്. തിരുമേനിയും അബൂലഹബും അയൽവാസികളുമായിരുന്നു. തിരുമേനിയുടെ വാതിൽക്കൽ മലിനവസ്തുക്കൾ വലിച്ചിടുവാനാണ് ആ അയൽപ

(*) ഏതെങ്കിലും ഒരു വസ്തുവോട് أَبُو، أَخُو (പിതാവ്, സഹോദരൻ) എന്നീ വാക്കുകൾ ചേർത്ത് ആ വസ്തുവിന്റെ ആൾ എന്ന അർത്ഥത്തിൽ ഉപയോഗിക്കുക അറബികളിൽ പതിവുണ്ട്.

ക്കബന്ധം ആ മനുഷ്യൻ ഉപയോഗിച്ചത്. ഖുറൈശികളുടെ ഒരു നേതാവുംകൂടിയായിരുന്നതുകൊണ്ട് കൂടുതൽ ഉപദ്രവം നടത്താനുള്ള സാഹചര്യവും കഴിവും അവന്നുണ്ടായിരിക്കുമല്ലോ.

റബീഅത്തുബ്നു അബ്ബാദ് (റ) പറയുകയാണ്: 'ഞാൻ 'ജാഹിലിയ്യത്തി'ലായിരുന്ന അവസരത്തിൽ 'ദുൽമജാസ്' ഉത്സവച്ചന്തയിൽവെച്ച് റസൂൽ ﷺ ഇപ്രകാരം പറയുന്നത് ഞാൻ കാണുകയുണ്ടായി: قُولُوا لَا إِلَهَ إِلَّا الله (അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുവിൻ. എന്നാൽ നിങ്ങൾക്ക് വിജയം ലഭിക്കും). ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ ഒരുമിച്ചുകൂടിയിട്ടുണ്ടായിരുന്നു. മുഖപ്രകാശമുള്ളവനും കോങ്കണ്ണനും (കണ്ണുപിരിച്ചുനോക്കുന്നവനും) ആയ ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ പിന്നിൽനിന്ന് ഇങ്ങനെ പറയുന്നുണ്ടായിരുന്നു. انه صابئ كاذب (ഇവൻ മതം മാറിയവനാണ്, കള്ളം പറയുന്നവനാണ്.) അദ്ദേഹം പോകുന്നിടത്തെല്ലാം ഈ മനുഷ്യനും പിന്തുടർന്നുകൊണ്ടിരുന്നു. ഇയാളെപ്പറ്റി ഞാൻ ചോദിച്ചറിഞ്ഞപ്പോൾ, അത് അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂലഹബാണെന്ന് ആളുകൾ പറഞ്ഞു.' (അ; ത്വ)

ഇസ്‌ലാമിൽ വിശ്വസിച്ചില്ലെങ്കിൽപോലും പല നിലക്കും നബി ﷺ യെ സഹായിക്കേണ്ടിയിരുന്ന അബൂലഹബ് ഇത്രയും നീചവും നികൃഷ്ടവുമായ പെരുമാറ്റം നബി ﷺ യോടും ഇസ്‌ലാമിനോടും സ്വീകരിച്ചതുകൊണ്ടായിരിക്കാം. അവന്റെ പേരെടുത്തുപറഞ്ഞു തുറന്ന ഭാഷയിൽതന്നെ അല്ലാഹു അവനെ ശപിച്ചാക്ഷേപിച്ചത് ഇതിനെക്കാൾ കടുത്ത ഭാഷയിൽ ചില കഠിന മുശ്‌രിക്കുകളെപ്പറ്റി ക്വുർആനിൽ പ്രസ്താവിച്ചു കാണാം. പക്ഷേ, അവരുടെയൊന്നും പേരെടുത്ത് പറയാറില്ല. അവനോട് അല്ലാഹുവിനുള്ള അതികഠിനമായ വെറുപ്പാണല്ലോ ഇത് കാണിക്കുന്നത്. പ്രവാചകന്റെ അടുത്ത ബന്ധുവായിരുന്നാൽ പോലും പ്രവാചകദൗത്യത്തെ ധിക്കരിക്കുന്നവരോട് അല്ലാഹുവിന്റെ കോപം വമ്പിച്ചതായിരിക്കുമെന്നും ഇത് വ്യക്തമാക്കുന്നു. അബൂലഹബിന്റെ ഭാര്യയും അബൂലഹബിന് തികച്ചും യോജിച്ച ഒരു ഭാര്യയായിരുന്നു. ഉമ്മുജമീൽ എന്നാണ് പേർ. നബി ﷺ ക്കെതിരായി സ്വഭർത്താവിന്റെ സംരംഭങ്ങളിൽ അവൾ അവനെ സഹായിക്കുമായിരുന്നു. അവൾക്ക് സ്വന്തമായി കഴിയുന്നത് പുറമെയും ചെയ്യും. തന്റെ തോഴിമാരായ സ്ത്രീകൾക്കിടയിൽ നബി ﷺ യെപ്പറ്റി കുറ്റവും കുറവും പറഞ്ഞു പ്രചരിപ്പിക്കുക. തിരുമേനി നടക്കുന്നവഴിയിൽ ഞെരിഞ്ഞിൽ മുള്ളിന്റെയും മറ്റും ഭാണ്ഡങ്ങൾ കൊണ്ടുവന്നിടുക, തിരുമേനിയെയും അനുയായികളെയും കുറിച്ച് ഏഷണിപറഞ്ഞുണ്ടാക്കുക മുതലായവ അവളുടെ വകയായിരുന്നു. ഇക്കാരണത്താൽ അവളും അല്ലാഹുവിന്റെ കടുത്ത ശാപത്തിനും കോപത്തിനും പാത്രമായിത്തീർന്നു.

രണ്ടുപേർക്കും ഇഹത്തിലും പരത്തിലും നാശമാണുള്ളതെന്നും, അവരെക്കൊണ്ടുള്ള ശല്യത്തെക്കുറിച്ച് വിലപിക്കേണ്ടതില്ലെന്നും നബി ﷺ ക്ക് ഒരു സന്തോഷവാർത്തയും ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്നു. രണ്ടുപേരും ജീവിച്ചിരിക്കെത്തന്നെയാണ് ഈ സൂറത്തിന്റെ അവതരണം. വിവരം അറിഞ്ഞു ഉമ്മുജമീൽ രോഷാകുലയായിക്കൊണ്ട് നബി ﷺ പള്ളിയിലിരിക്കുമ്പോൾ അവിടെച്ചെന്ന് അസഭ്യം പറഞ്ഞതായി നിവേദനങ്ങൾ വന്നിട്ടുണ്ട്.

നബി ﷺ സഫായിൽവെച്ച് കുടുംബാംഗങ്ങളെ താക്കീത് ചെയ്തപ്പോൾ അബൂലഹബ് تَبًّا لَكَ (നിനക്ക് നാശം) എന്ന് പറയുകയുണ്ടായല്ലോ. കഠിനമായ പ്രതിഷേധവേളയിൽ ശപിച്ചുപറയാറുള്ള ഒരു വാക്കാണത്. അതേ വാക്ക് ഉപയോഗിച്ചുകൊണ്ടുതന്നെ അല്ലാഹു അവനെയും ശപിച്ചിരിക്കയാണ്. 1 -ാം വചനത്തിലെ ആദ്യത്തെ ക്രിയ (تَبَّتْ) അബൂലഹബിന്റെ കരങ്ങൾ നശിക്കട്ടെ എന്ന് പ്രാർത്ഥനാരൂപത്തിലും, രണ്ടാമത്തെ ക്രിയ

(وَتَبَّ) അവൻ നശിക്കയും ചെയ്തിരിക്കുന്നു എന്ന് വർത്തമാനരൂപത്തിലാണുള്ളത്. രണ്ടാമത്തെ വചനത്തിൽ അവന്റെ ധനം, ഐശ്വര്യം, സ്വാധീനം, മക്കൾ മുതലായവ യൊന്നും ഇഹത്തിൽ അവന്റെ ഉദ്ദേശ്യം സാധിക്കുന്നതിന് ഉപകരിക്കുകയില്ലെന്നും, പര ലോകത്തിൽ അവമൂലം യാതൊരു ഗുണവും ലഭിക്കുവാനില്ലെന്നും പ്രസ്താവിച്ചിരിക്കു ന്നു. ഈ ശാപം ഇഹത്തിൽവെച്ച് മരണത്തിന് മുമ്പുതന്നെ അവൻ അനുഭവിക്കുകയും ചെയ്തു. അവന്റെ ഉദ്ദേശ്യമൊന്നും ഫലിച്ചതുമില്ല. അവന്റെ മകൻ ഉത്ബത്ത് ശാമിലേ ക്കുള്ള യാത്രയിൽ സിംഹത്തിന് ഇരയായി. അവന് عدسة (അദസത്ത്) എന്ന് പറയപ്പെ ടുന്ന (പ്രമേഹക്കുരുപോലെയോ വസൂരിപോലെയോ ഉള്ള) ഒരു രോഗം പിടിപെട്ടു. ദുർഗന്ധം നിമിത്തം ജനങ്ങൾ അടുക്കാതായി. ശവസംസ്കാരത്തിനുപോലും ആളെകി ട്ടാതെ കൂലിക്കാരാണത് എങ്ങനെയോ എടുത്ത് മറച്ചത്. ബദർയുദ്ധം കഴിഞ്ഞു അൽപ ദിവസങ്ങൾക്കുശേഷമായിരുന്നു അത്. താൻ ഒരു ക്വുറൈശി നേതാവായിരുന്നിട്ടും ഭീരു ത്വവും പിശുക്കും കാരണമായി ബദ്റിൽ അവൻ പങ്കെടുത്തിരുന്നില്ല. പകരം തനിക്ക് കടക്കാരനായിരുന്ന ഒരാളെ അയക്കുകയാണ് ചെയ്തത്. ചുരുക്കത്തിൽ അവന്റെ ധനവും അവൻ സമ്പാദിച്ചതുമെല്ലാം തന്നെ അവന് ഇവിടെ ഉപകരിച്ചില്ല. പരലോകത്തിലാക ട്ടെ- മൂന്നാം വചനത്തിൽ അല്ലാഹു പറഞ്ഞതുപോലെ- ജ്വലിച്ചുപ്രകാശിക്കുന്ന ആ മുഖം കത്തിജ്വലിക്കുന്ന നരകത്തിൽകടന്ന് എരിയുകയും ചെയ്യും. അതിൽ സംശയവും ഇല്ല.

അബൂലഹബിനെത്തുടർന്ന് അവനെ അനുകരിച്ചിരുന്ന അവന്റെ ഭാര്യയെയും ശാപ ത്തിൽ അവനോടൊപ്പം അല്ലാഹു പങ്കുചേർത്തിരിക്കുന്നു. 'വിറകുചുമട്ടുകാരി' (حَمَّالَةَ الْحَطَبِ) എന്ന് വിശേഷിപ്പിച്ചു അവളെ നിന്ദിക്കുകയും ചെയ്തിരിക്കുന്നു. ഏഷ ണിയുമായി നടക്കുന്നവനെക്കുറിച്ച് അവൻ അയാൾക്കെതിരെ വിറകുണ്ടാക്കുകയാണെന്ന് അറബികൾ പറയാറുണ്ടെന്നും, അതനുസരിച്ച് ഏഷണിക്കാരി എന്ന ഉദ്ദേശ്യത്തിലാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്നുമാണ് ചില ക്വുർആൻ വ്യാഖ്യാതാക്കളുടെ അഭി പ്രായം. അതല്ല, നബിﷺയെ ഉപദ്രവിക്കുവാനായി അവൾ മുള്ളും മറ്റും ചുമന്നുകൊ ണ്ടുവന്നിരുന്നതിനെ ഉദ്ദേശിച്ചാണെന്നും അഭിപ്രായമുണ്ട്. 'അവളുടെ കഴുത്തിൽ ഒരു പിരിച്ച ചൂടിക്കയറുണ്ടായിരിക്കും' (فِي جِيدِهَا حَبْلٌ مِّن مَّسَدٍ) എന്ന വാക്യവും ഇതുപോലെ അവളുടെ നേർക്ക് അല്ലാഹുവിനുള്ള വെറുപ്പിന്റെ കാഠിന്യം പ്രകടമാക്കുന്നു. വിറകുചു മക്കൽ ഏത് അർത്ഥത്തിലായാലും ആ വിറകുചുമട്ടുകാരൻ അതിനു തക്ക കയറും കൊണ്ട് നടക്കുമല്ലോ. നരകത്തിൽവെച്ചുള്ള അവളുടെ സ്ഥിതി വിവരിച്ചതാണത് എന്നാണ് പല മഹാൻമാരും പറയുന്നത്. അഥവാ കഴുത്തിൽ കയറുമായി നബിﷺക്കും ഇസ്ലാമിനുമെതിരെ വിറകുശേഖരിക്കുവാൻ മിനക്കെട്ടിരുന്ന അവൾക്ക് അതിന് തികച്ചും അനുയോജ്യമായ ശിക്ഷയായിരിക്കും നരകത്തിലും അനുഭവപ്പെടുക എന്ന് സാരം. والله اعلم

اعاذنا الله من غضب وسخطه وجعلنا من الفائزين برضاء

وله الحمد والمنة

سورة النصر

110. സൂറതുന്നസ്വ്ർ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 3

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا جَآءَ نَصۡرُ ٱللَّهِ وَٱلۡفَتۡحُ ﴿١﴾

﴿1﴾ അല്ലാഹുവിന്റെ സഹായവും, വിജയവും വന്നാൽ,-

وَرَأَيۡتَ ٱلنَّاسَ يَدۡخُلُونَ فِي دِينِ ٱللَّهِ أَفۡوَاجٗا ﴿٢﴾

﴿2﴾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നതായി മനുഷ്യരെ നീ കാണുകയും (ചെയ്താൽ),-

فَسَبِّحۡ بِحَمۡدِ رَبِّكَ وَٱسۡتَغۡفِرۡهُۚ إِنَّهُۥ كَانَ تَوَّابَۢا ﴿٣﴾

﴿3﴾ അപ്പോൾ നീ നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹ്' [സതോത്രകീർത്തനം] ചെയ്തുകൊള്ളുക; അവനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.

﴿1﴾ إِذَا جَاءَ വന്നാൽ, വരുമ്പോൾ نَصْرُ اللهِ അല്ലാഹുവിന്റെ സഹായം وَالْفَتْحُ വിജയവും, തുറവിയും ﴿2﴾ وَرَأَيْتَ നീ കാണുകയും (ചെയ്താൽ) النَّاسَ മനുഷ്യരെ يَدْخُلُونَ അവർ പ്രവേശിക്കുന്നതായി فِي دِينِ اللهِ അല്ലാഹുവിന്റെ മതത്തിൽ أَفْوَاجًا കൂട്ടങ്ങളായി, കൂട്ടംകൂട്ടമായി ﴿3﴾ فَسَبِّحْ അപ്പോൾ (എന്നാൽ) നീ തസ്ബീഹ് നടത്തിക്കൊള്ളുക بِحَمْدِ സ്തുതിച്ചുകൊണ്ട്, സ്തുതിയോടെ رَبِّكَ നിന്റെ റബ്ബിനെ, റബ്ബിന്റെ وَاسْتَغْفِرْهُ അവനോട് പാപമോചനം തേടുകയും ചെയ്യുക إِنَّهُ كَانَ നിശ്ചയമായും അവൻ ആകുന്നു

(ആണ്) تَوَّابًا പശ്ചാത്താപം സ്വീകരിക്കുന്നവൻ

നബി തിരുമേനിﷺയുടെ വിയോഗത്തിന് അൽപം മുമ്പായി അവതരിച്ച ഒരു സൂറത്താണിത്. അവർണനീയമായ ത്യാഗങ്ങളും ഞെരുക്കങ്ങളും സഹിച്ചുകൊണ്ട് ഏതാണ്ട് ഇരുപത്തിമൂന്ന് കൊല്ലക്കാലം നടത്തിവന്ന അവിശ്രമ പരിശ്രമങ്ങൾക്ക് പൂർണവിജയം സിദ്ധിച്ചുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവിടുത്തെ കണ്ണിന് കുളിർമയും, മനസ്സിന് സംതൃപ്തിയും കൈവന്നിരിക്കുന്നു. അല്ലാഹു അവന്റെ ദീനിനെ- ഇസ്‌ലാംമതത്തെ- സഹായിച്ചു. അവന്റെ നബിയെയും സഹായിച്ചു. ആ സത്യമതത്തിനെതിരിൽ എന്തെന്നില്ലാതെ കോലാഹലം നടത്തി കുപ്രസിദ്ധി നേടിയ വിരുദ്ധ ശക്തികളെല്ലാം മലപോലെവന്നു മഞ്ഞുപോലെ നീങ്ങിപ്പോയി. വിഗ്രഹാദി വിവിധ ദൈവങ്ങളുടെ കൂത്തരംഗായിരുന്ന അറേബ്യാഉപഭൂഖണ്ഡത്തിൽനിന്ന് ഇസ്‌ലാമിന്റെ ശത്രുക്കളാകുന്ന ശിർക്കിന്റെ അനുയായികളും, അവരുടെ ദൈവങ്ങളും നിഷ്കാസനം ചെയ്യപ്പെട്ടു. അല്ലാഹുവിന്റെ മതമാകുന്ന ഇസ്‌ലാമിന്റെ പതാക എല്ലായിടത്തും ഉയർന്നു. അറേബ്യ മുഴുവനും സത്യവിശ്വാസത്തിന്റെയും മനുഷ്യത്വത്തിന്റെയും നാടായി മാറി. അയൽപക്കങ്ങളിൽ നിലവിലുള്ള കുഫ്റിന്റെ സാമ്രാജ്യങ്ങളിലെ മഹാരഥന്മാർ തങ്ങളുടെ ഭാവിയെ ഉൽകണ്ഠയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. 'മക്കാവിജയ'മാകുന്ന 'വിജയങ്ങളുടെ വിജയം' കഴിഞ്ഞതോടെ ഇസ്‌ലാമിനെ ആശ്ലേഷിക്കുവാനായി നാനാപ്രദേശങ്ങളിൽനിന്നും ആൾക്കൂട്ടങ്ങൾ തുടരെത്തുടരെ മദീനഃയിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. പുറംനാടുകളിൽ ഇസ്‌ലാമിന്റെ സന്ദേശവും വിജ്ഞാനവും പ്രചരിപ്പിക്കുവാനും, അതിന്റെ പതാക പറപ്പിക്കുവാനും നബി തിരുമേനിﷺയുടെ ശിക്ഷണം ലഭിച്ച പ്രഗത്ഭരായ ശിഷ്യഗണങ്ങൾ അവിടുത്തെ പ്രതിനിധാനം ചെയ്യാൻ സജ്ജമായിരിക്കുന്നുമുണ്ട്.

ചുരുക്കത്തിൽ, നബി തിരുമേനിﷺയുടെ ദൗത്യലക്ഷ്യം പൂർത്തിയായിക്കഴിഞ്ഞിരിക്കയാണ്. അഥവാ ഇഹത്തിൽവെച്ച് അവിടുത്തേക്ക് സിദ്ധിക്കേണ്ടുന്ന സഹായവാഗ്ദാനങ്ങൾ കിട്ടിക്കഴിഞ്ഞു. ഇസ്‌ലാമിന് വിജയവും സിദ്ധിച്ചു; ജനങ്ങൾ കൂട്ടംകൂട്ടമായി വന്നു ഇസ്‌ലാമിൽ പ്രവേശിക്കുന്നത് അവിടുത്തേക്ക് കണ്ടാനന്ദിക്കുമാറാകുകയും ചെയ്തു. എനി, അവിടുത്തേക്ക്‌വേണ്ടി അല്ലാഹു തന്റെ അടുക്കൽ ഒരുക്കിവെച്ചിട്ടുള്ളതും, എല്ലാറ്റിനെക്കാളും ഉപരിയായതുമായ അനുഗ്രഹങ്ങൾ നൽകുവാനിരിക്കുന്നു. അതിനായി, അല്ലാഹു അവന്റെ തിരുദൂതരെ അവന്റെ പരിശുദ്ധ സന്നിധിയിലേക്ക് സ്വാഗതം ചെയ്യുകയാണ്. ഈ സൂറത്ത് മുഖേന. അഥവാ, ആ യാത്രക്ക് ഒരുങ്ങിക്കൊള്ളുവാനുള്ള സൂചനയാണ് ഇതിലുള്ളത്. യാത്രക്ക്മുമ്പായി, ഇതേവരെ ലഭിച്ച വമ്പിച്ച അനുഗ്രഹങ്ങൾക്കും നേട്ടങ്ങൾക്കും നന്ദിയായി അവ ന് സ്തുതികീർത്തനവും, സ്തോത്രകീർത്തനവും, ചെയ്യണമെന്നും, വല്ല വിധേനയും വന്നുവശായേക്കാനിടയുള്ള അബദ്ധങ്ങളും വീഴ്ചകളും മാപ്പുചെയ്തുകിട്ടുവാൻവേണ്ടി അവനോട് പാപമോചനം തേടണമെന്നും ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അഥവാ -സൂറത്തുൽ ഇൻശിറാഹി (الانشراح)ന്റെ അവസാനത്തിൽ കണ്ടതുപോലെ- ഞെരുക്കവും ഭാരവും നീങ്ങി എളുപ്പവും സൗകര്യവും ലഭിച്ചുകഴിഞ്ഞ സ്ഥിതിക്ക് എനി, അല്ലാഹുവിന്റെ സാമീപ്യവും പ്രീതിയും കൂടുതൽ ലഭിക്കുവാൻ ശ്രമിക്കുകയും, അതിന് വേണ്ടത് പ്രവർത്തിക്കുകയും ചെയ്തുകൊള്ളണമെന്ന് താൽപര്യം.

പ്രവാചകൻമാർ പാപങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുമെന്നിരിക്കെ, പാപമോചനം തേടുവാൻ നബിﷺയോട് കൽപിച്ചത് എന്തുകൊണ്ടാണെന്ന് വല്ലവരും സംശയിച്ചേക്കാം. നബിമാരുടെ പാപങ്ങൾകൊണ്ടുള്ള വിവക്ഷയെപ്പറ്റി സൂ: ഫത്ഹ്: 2 ന്റെയും

സൂ:മുഹമ്മദ്: 19 ന്റെയും, സൂ: സ്വാദ് 34 – 38 ന്റെയും വ്യാഖ്യാനങ്ങളിൽ നാം വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിവരം അവിടങ്ങളിൽ നോക്കുക. നബിമാരുടെ ഉന്നത പദവി വെച്ചുനോക്കുമ്പോൾ, അവരുടെ പക്കൽ വന്നേക്കാവുന്ന കേവലം നിസ്സാരമായ വീഴ്ചകളും അവരെ സംബന്ധിച്ചിടത്തോളം പാപങ്ങളായി ഗണിക്കപ്പെട്ടേക്കും. എന്നല്ലാതെ, കുറ്റകരമോ നിഷിദ്ധമോ ആയ തെറ്റുകുറ്റങ്ങൾ അവർ ചെയ്യുമെന്ന് ഇതിനർത്ഥമില്ല. കൂടാതെ, നബിമാർ ജീവിച്ചിരിപ്പുള്ളപ്പോൾ തങ്ങളുടെ സമുദായമദ്ധ്യേ നടമാടുന്ന പാകപ്പിഴവുകളിൽ ഒരു ബാദ്ധ്യത അവർക്കും ഉണ്ടായിരിക്കാവുന്നതുമാണ്. അതോടുകൂടി, നബി തിരുമേനിﷺ അവിടുത്തെ സമുദായത്തിന്റെ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ കൽപിക്കപ്പെട്ടിട്ടുമുണ്ട്. (സൂ: മുഹമ്മദ്: 9) ഇങ്ങനെ പല നിലക്കും ആയിരിക്കാം നബിﷺയോട് പാപമോചനം തേടുവാൻ കൽപിച്ചത്. അല്ലാഹുവിനറിയാം. ഏതായാലും, നബി തിരുമേനിﷺ പോലും അല്ലാഹുവിനോട് പാപമോചനം തേടുവാൻ കല്പിക്കപ്പെട്ടിരിക്കുമ്പോൾ– തിരുമേനിയാകട്ടെ, അത് അവിടുത്തെ നിത്യപതിവാക്കി നമുക്ക് മാതൃക കാണിച്ചുതന്നിട്ടുമുണ്ട്– നാമെല്ലാവരും അതിന് കൂടുതൽ കടമപ്പെട്ടവരാണെന്ന് വ്യക്തം. ആ നിലക്ക് ഈ കൽപന നമ്മെ സംബന്ധിച്ചിടത്തോളം കൂടുതൽ ശക്തമായ ഒരു ഉപദേശപാഠം കൂടിയാണ്.

ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ബുഖാരി (റ) ഉദ്ധരിച്ച ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാണ്: 'ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്ന വൃദ്ധൻമാരോടൊപ്പം എന്നെയും ഉമർ (റ) അദ്ദേഹത്തിന്റെ സദസ്സിൽ പ്രവേശിപ്പിക്കാറുണ്ടായിരുന്നു. അതിനെപ്പറ്റി ചിലരുടെ മനസ്സിൽ വെറുപ്പ് തോന്നിയിരിക്കണം. അവർ പറഞ്ഞു: 'എന്താണ് (ഈ ചെറുപ്രായക്കാരനായ) ഇവനെ ഞങ്ങളുടെ കൂട്ടത്തിൽ ചേർക്കുവാൻ? ഞങ്ങൾക്ക് ഇവനെപ്പോലെയുള്ള മക്കളും കൂടിയുണ്ടല്ലോ.' അപ്പോൾ, ഉമർ (റ) പറഞ്ഞു: 'ഇയാൾ നിങ്ങൾക്കറിയാവുന്ന ആളാണല്ലോ' *(*)* അങ്ങനെ, ഒരു ദിവസം ഉമർ (റ) അവരെയെല്ലാം വിളിച്ചുവരുത്തി. കൂട്ടത്തിൽ എന്നെയും ചേർത്തു. അന്ന് എന്നെ അവരുടെ കൂട്ടത്തിൽ ക്ഷണിച്ചത് അവർക്ക് എന്നെപ്പറ്റി മനസ്സിലാക്കിക്കൊടുക്കുവാനായിരുന്നുവെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നിട്ട് അദ്ദേഹം ചോദിച്ചു: إِذَا جَاءَ نَصْرُ اللَّهِ وَالْفَتْحُ (അല്ലാഹുവിന്റെ സഹായവും വിജയവും വന്നാൽ...) എന്ന് അല്ലാഹു പറഞ്ഞതിനെപ്പറ്റി നിങ്ങൾ എന്ത് പറയുന്നു? അവരിൽ ചിലർ പറഞ്ഞു: നമുക്ക് സഹായം ലഭിക്കുകയും, വിജയം സിദ്ധിക്കുകയും ചെയ്യുമ്പോൾ നാം അല്ലാഹുവിനെ സ്തുതിക്കുകയും, അവനോട് പാപമോചനം തേടുകയും ചെയ്യണമെന്ന് അല്ലാഹു നമ്മോട് കൽപ്പിക്കുകയാണ്.വേറെ ചിലർ ഒന്നും പറയാതെ മൗനം അവലംഭിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം എന്നോട്: 'അങ്ങനെത്തന്നെയാണോ താനും പറയുന്നത്– ഇബ്നു അബ്ബാസേ?!' എന്ന് ചോദിച്ചു. 'അല്ല' എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം ചോദിച്ചു: 'താൻ എന്തുപറയുന്നു?' അപ്പോൾ ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു: 'അത് റസൂൽ തിരുമേനിﷺയുടെ ആയുഷ്കാലാവധി അറിയിച്ചുകൊടുത്തതാണ്. അതായത്, അല്ലാഹുവിന്റെ സഹായവും വിജയവും വന്നാൽ അത് നിന്റെ അവധിയുടെ അടയാളമാണ്. അപ്പോൾ നിന്റെ റബ്ബിനെ സ്തുതി

(*) നബിﷺയുടെ പ്രിയപ്പെട്ട പിതൃവ്യപുത്രനും, ക്വുർആനെ സംബന്ധിച്ച് കൂടുതൽ അറിയുന്ന ദേഹവുമാണെന്ന് നിങ്ങൾക്കറിയാമല്ലോ. ആ നിലക്ക് അദ്ദേഹത്തിന്റെ ചെറുപ്രായം ഗൗനിക്കപ്പെടേണ്ടതില്ല എന്ന് സാരം. നബി തിരുമേനിﷺ ചരമം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന് ഏറെക്കുറെ 13 വയസ്സ് മാത്രമേ പ്രായമുണ്ടായിരിക്കയുള്ളൂ.

ച്ചുകൊണ്ട് നീ 'തസ്ബീഹ്' നടത്തുകയും, അവനോട് പാപമോചനം തേടുകയും ചെയ്തുകൊള്ളുക (എന്ന് താൽപര്യം)'. ഇത് കേട്ടപ്പോൾ ഉമർ (റ) പറഞ്ഞു: 'താൻ പറയുന്നതല്ലാതെ അതിൽനിന്ന് ഞാനും മനസ്സിലാക്കുന്നില്ല.' (ബു.)

ഈ സൂറത്തിൽ അടങ്ങിയ സൂചനയാണ് ഇബ്നു അബ്ബാസ് (റ) ചൂണ്ടിക്കാട്ടിയത്. വേറെയും പല സംഗതികളും ഈ ഹദീഥിൽനിന്ന് ഗ്രഹിക്കുവാനുണ്ട്. നമ്മുടെ സന്ദർഭം അതല്ലാത്തതുകൊണ്ട് ആ വിവരണത്തിന് ഇവിടെ മുതിരുന്നില്ല. ഈ സൂറത്ത് അവതരിച്ചപ്പോൾ, റസൂൽ തിരുമേനിﷺ قدنعيت الى نفسى (എനിക്ക് എന്റെ മരണവാർത്ത അറിയിക്കപ്പെട്ടു.) എന്ന് പറഞ്ഞതായി അഹ്മദും ബൈഹക്വീയും (റ) രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ സൂറത്തിന് سورة التوديع (യാത്ര അയപ്പിന്റെ അദ്ധ്യായം) എന്നും പേർ പറയപ്പെട്ടിട്ടുള്ളത് ഇതുകൊണ്ടാണ്.

ബുഖാരീ, മുസ്‌ലിം (റ) മുതലായവർ രേഖപ്പെടുത്തുന്ന ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ക്വുർആന്റെ താൽപര്യം സ്വീകരിച്ചുകൊണ്ട് (ഈ സൂറത്തിലെ നിർദ്ദേശപ്രകാരം) റുകൂഇലും, സുജൂദിലും വളരെ പ്രാവശ്യം നബിﷺ ഇങ്ങനെ പറയാറുണ്ടായിരുന്നു: سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْلِي (ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിനക്ക് ഞാൻ സ്തോത്രകീർത്തനം ചെയ്യുന്നു. അല്ലാഹുവേ, എനിക്ക് പൊറുത്ത് തരേണമേ!)' റസൂൽﷺ അവിടുത്തെ അവസാനകാലത്ത് سبحان الله وبحمده استغفر الله و أتوب إليه (അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ അവന് സ്തോത്രകീർത്തനം ചെയ്യുന്നു. അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുകയും, അവങ്കലേക്ക് ഞാൻ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നു) എന്ന് അധികം പറയാറുണ്ടായിരുന്നുവെന്ന് ആഇശഃ (റ) പ്രസ്താവിച്ചതായി അഹ്മദും (റ) ഉദ്ധരിച്ചിരിക്കുന്നു. നബിﷺയുടെ അവസാനകാലത്ത് അവിടുന്ന് നിൽക്കുമ്പോഴും, ഇരിക്കുമ്പോഴും, വരുമ്പോഴും പോകുമ്പോഴുമെല്ലാം തന്നെ سُبْحَانَ اللهِ وَبِحَمْدِهِ എന്ന് പറഞ്ഞിരുന്നുവെന്ന് ഉമ്മുഹാനീ (റ) പ്രസ്താവിച്ചതായി മുസ്‌ലിമും (റ) ഉദ്ധരിക്കുന്നു. മുമ്പില്ലാത്ത ഈ പതിവിന് കാരണം ചോദിച്ചപ്പോൾ, ഈ സൂറത്തിൽ പ്രസ്താവിച്ചഅടയാളം കണ്ടതുകൊണ്ടാണെന്ന് തിരുമേനി മറുപടി പറഞ്ഞതായും ആ രണ്ട് ഹദീഥുകളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

نحمد الله ونستغفره ونتوب اليه

وله المنه والفضل

سورة الكفرون

109. സൂറതുൽ കാഫിറൂൻ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 6

ഈ സൂറത്തും, സൂറത്തുൽ 'ഇഖ്‌ലാസ്വും' കഅ്ബഃയെ 'ത്വവാഫ്' (പ്രദക്ഷിണം) ചെയ്തുകഴിഞ്ഞശേഷമുള്ള സുന്നത്ത് നമസ്കാരത്തിൽ നബിﷺ ഓതാറുണ്ടായിരുന്നതായി ജാബിർ (റ) പ്രസ്താവിച്ചതായും, സ്വുബ്ഹ് നമസ്കാരത്തിന് മുമ്പുള്ള സുന്നത്ത് നമസ്കാരത്തിൽ തിരുമേനി രണ്ടും ഓതാറുണ്ടായിരുന്നതായി അബൂഹുറയ്റഃ (റ) പ്രസ്താവിച്ചതായും ഇമാം മുസ്‌ലിം (റ) രേഖപ്പെടുത്തിയിരിക്കുന്നു. സ്വുബ്ഹിന്റെ മുമ്പും മഗ്‌രിബിന്റെ ശേഷവുമുള്ള സുന്നത്ത് നമസ്കാരങ്ങളിൽ തിരുമേനി ഈ രണ്ട് സൂറത്തുകളും പലവട്ടം ഓതുകയുണ്ടായിട്ടുണ്ടെന്ന് അഹ്മദ്, തിർമദീ, ഇബ്നുമാജഃ (റ) മുതലായവർ ഉദ്ധരിച്ച ഹദീഥുകളിലും വന്നിരിക്കുന്നു. ഉറങ്ങുവാൻ കിടക്കുമ്പോൾ ഈ സൂറത്ത് ഓതുന്നത് നല്ലതാണെന്ന് കാണിക്കുന്ന ചില ഹദീഥുകൾ അഹ്മദും (റ) മറ്റും ഉദ്ധരിച്ചിട്ടുമുണ്ട്.

ഇബ്നുജരീർ, ഇബ്നു അബീഹാതിം (റ) എന്നിവർ ഉദ്ധരിക്കുന്ന ഒരു രിവായത്തിന്റെ സാരം ഇപ്രകാരമാണ്: ചില ക്വുറൈശീ നേതാക്കൾ നബിﷺയോട് ഇങ്ങനെ പറഞ്ഞു: 'മുഹമ്മദേ, ഞങ്ങളുടെ മതം നീ പിൻപറ്റുക, നിന്റെ മതം ഞങ്ങളും പിൻപറ്റാം. ഞങ്ങളുടെ ദൈവങ്ങളെ നീയും ആരാധിക്കുക, നിന്റെ ദൈവങ്ങളെ ഞങ്ങളും ആരാധിക്കാം. എന്നാൽ നിന്റെതാണ് ഉത്തമമെങ്കിൽ അതിൽ ഞങ്ങളും, ഞങ്ങളുടെതാണ് ഉത്തമമെങ്കിൽ അതിൽ നീയും ഭാഗഭാക്കാകുമല്ലോ. അപ്പോൾ നബിﷺ പറഞ്ഞു: 'معاذ لله ان اشرك به غيره' (അല്ലാഹുവിനോട് മറ്റൊന്നിനെ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ അവനോട് ശരണം തേടുന്നു!') ഇതിനെത്തുടർന്ന് ഈ സൂറത്ത് അവതരിച്ചു. അനന്തരം മസ്ജിദുൽ ഹറാമിൽവെച്ച് ക്വുറൈശീ പ്രമാണികളുടെ സാന്നിദ്ധ്യത്തിൽ തിരുമേനി ഈ അദ്ധ്യായം ഓതി വിളംബരം ചെയ്യുകയും ചെയ്തു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلۡ يَٰٓأَيُّهَا ٱلۡكَٰفِرُونَ ﴿١﴾

﴾1﴿ (നബിയേ) പറയുക: 'ഹേ, അവിശ്വാസികളേ!-

لَآ أَعۡبُدُ مَا تَعۡبُدُونَ ﴿٢﴾

﴾2﴿ 'നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല;-

وَلَآ أَنتُمۡ عَـٰبِدُونَ مَآ أَعۡبُدُ ﴿٣﴾

﴾3﴿ 'ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല.

وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمۡ ﴿٤﴾

﴾4﴿ 'നിങ്ങൾ ആരാധിച്ചുവന്നതിനെ (അഥവാ നിങ്ങളുടെ ആരാധന) ഞാനും ആരാധിക്കുന്നവനല്ല;-

وَلَآ أَنتُمۡ عَـٰبِدُونَ مَآ أَعۡبُدُ ﴿٥﴾

﴾5﴿ ഞാൻ ആരാധിച്ചുവന്നതിനെ (അഥവാ എന്റെ ആരാധന) നിങ്ങളും ആരാധിക്കുന്നവരല്ല.

لَكُمۡ دِينُكُمۡ وَلِيَ دِينِ ﴿٦﴾

﴾6﴿ നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതം!

﴾1﴿ قُلۡ നീ പറയുക يَٰٓأَيُّهَا ٱلۡكَـٰفِرُونَ ഹേ അവിശ്വാസികളേ ﴾2﴿ لَآ أَعۡبُدُ ഞാൻ ആരാധിക്കുന്നില്ല, ആരാധിക്കുന്നതല്ല مَا تَعۡبُدُونَ നിങ്ങൾ ആരാധിക്കുന്നതിനെ ﴾3﴿ وَلَآ أَنتُمۡ നിങ്ങളുമല്ല عَـٰبِدُونَ ആരാധിക്കുന്നവർ مَآ أَعۡبُدُ ഞാൻ ആരാധിക്കുന്നതിനെ ﴾4﴿ وَلَآ أَنَا۠ ഞാനുമല്ല, ഞാനല്ലതാനും عَابِدٌ ആരാധിക്കുന്നവൻ مَّا عَبَدتُّمۡ നിങ്ങൾ ആരാധിച്ചുവന്നതിനെ (നിങ്ങളുടെ ആരാധന) ﴾5﴿ وَلَآ أَنتُمۡ നിങ്ങളുമല്ല عَـٰبِدُونَ ആരാധിക്കുന്നവർ مَآ أَعۡبُدُ ഞാൻ ആരാധിക്കുന്നതിനെ (എന്റെ ആരാധന) ﴾6﴿ لَكُمۡ നിങ്ങൾക്ക് دِينُكُمۡ നിങ്ങളുടെ മതം, നടപടി وَلِيَ എനിക്ക് دِينِ എന്റെ മതം, നടപടി

ഇസ്‌ലാമിന്റെ പരിപാവന സന്ദേശങ്ങൾ പ്രബോധനം ചെയ്യാനും, അത് പ്രായോഗികമായി നടപ്പിൽ വരുത്തുവാനുമാണല്ലോ നബിﷺ നിയുക്തനായിട്ടുള്ളത്. ഇസ്‌ലാമിന്റെ പ്രഥമവും പരമപ്രധാനവുമായ ലക്ഷ്യമാകട്ടെ, ശിർക്കിനെ നിർമാർജ്ജനം ചെയ്തു തൗഹീദിനെ സ്ഥാപിക്കുകയുമാണ്. മറ്റുള്ളതെല്ലാം ഈ ലക്ഷ്യത്തിന്റെ വിശദാംശങ്ങളും അനിവാര്യഫലങ്ങളുമാകുന്നു. അപ്പോൾ, ബഹുദൈവാരാധനയാകുന്ന ശിർക്കും, ഏകദൈവാരാധനയാകുന്ന തൗഹീദും തമ്മിൽ ഭാഗികമോ നാമമാത്രമോ ആയ സന്ധിപോലും ഉണ്ടാകുക സാധ്യമല്ല. രണ്ടും തമ്മിൽ പൂർവാപരവിരുദ്ധങ്ങളായിരിക്കയേ ഉള്ളൂ. ഈ യാഥാർത്ഥ്യം സുസ്പഷ്ടവും ഖണ്ഡിതവുമായ ഭാഷയിൽ ശക്തിയുക്തം തുറന്ന് പ്രഖ്യാപിക്കുന്ന ഒരു ചെറു അദ്ധ്യായമാണ് ഇത്. തൗഹീദിന്റെ മൗലികവശങ്ങളെ സുവ്യക്തമായ ഭാഷയിൽ സംക്ഷിപ്തമായി വിവരിക്കുന്ന ഒരു ചെറു അദ്ധ്യായമാണ് സൂറത്തുൽ ഇഖ്‌ലാസ്. അപ്പോൾ, ഈ രണ്ട് സൂറത്തുകളും തമ്മിലുള്ള പൊരുത്തവും ബന്ധവും, അവയിലെ ആശയങ്ങളുടെ പ്രാധാന്യവും വ്യക്തമാണല്ലോ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ لَا إِلَٰهَ إِلَّا ٱللَّهُ (അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല) എന്ന കലിമതുത്തൗഹീദിന്റെ ആദ്യഭാഗമായ لَا إِلَٰهَ (ഒരാരാധ്യനുമില്ല) എന്നതിന്റെ വിശദീകരണമാണ് ഈ സൂറത്ത് എന്നും, അവസാനഭാഗമായ إِلَّا ٱللَّهُ (അല്ലാഹു ഒഴികെ) എന്നതിന്റെ വിശദീകരണമാണ് സൂ: ഇഖ്‌ലാസ് എന്നും പറയാം. ഈ രണ്ട് സൂറത്തുകൾക്കും നബി ﷺ വളരെ

പ്രാധാന്യം കൽപിച്ചിരുന്നതിന്റെ രഹസ്യം ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ.

ഈ സൂറത്തിലെ ആശയം ഇങ്ങനെ സംഗ്രഹിക്കാം: അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിച്ചുവരുന്ന യാതൊരു ദൈവത്തെയും- അവ വിഗ്രഹങ്ങളാകട്ടെ, മറ്റെന്തെങ്കിലുമാകട്ടെ- ഞാൻ ആരാധിക്കുന്നില്ല. ഞാൻ അതിന് തയ്യാറുമില്ല. ഞാൻ ആരാധിച്ചുവരുന്നത് അല്ലാഹുവിനെമാത്രമാണ്. അവനെ നിങ്ങളും ആരാധിക്കുന്നില്ല. അതിന് നിങ്ങൾ തയ്യാറുമില്ല. നിങ്ങൾ നടത്തിവരുന്ന ശിർക്കുപരമായ ആരാധനാമുറകൾ ഒന്നും എനിക്ക് സ്വീകാര്യമല്ല. എന്റെ ആരാധനാമുറകൾ നിങ്ങളും സ്വീകരിക്കുന്നില്ല. എന്റെ ആരാധ്യനായ അല്ലാഹു നിർദ്ദേശിച്ചുതന്ന ആരാധനാ രൂപം മാത്രമാണ് ഞാൻ സ്വീകരിച്ചുവരുന്നത്. നിങ്ങൾ നടത്തിവരുന്ന ആരാധനകളാകട്ടെ, അവ നിങ്ങൾതന്നെ സ്വയം കെട്ടിയുണ്ടാക്കിയ ചില ചടങ്ങുകൾ മാത്രമാണ്. അതുകൊണ്ട് നാം തമ്മിൽ ഒരു കാലത്തും യോജിക്കുക എന്ന പ്രശ്നമേ ഇല്ല. നിങ്ങൾ നിങ്ങളുടെ മതവും നടപടിക്രമവും പിൻപറ്റിക്കൊള്ളുക. ഞാൻ എന്റെ മതവും നടപടിയും പിൻപറ്റിക്കൊള്ളാം. അതതിന്റെ ഫലം നമുക്ക് ഇരുകൂട്ടർക്കും വഴിയെ കണ്ടറിയുകയും ചെയ്യാം.

ഇബ്റാഹീം നബിﷺയും, അദ്ദേഹത്തോടൊപ്പം സത്യവിശ്വാസം സ്വീകരിച്ചവരും അവരുടെ ജനതയായ മുശ്രിക്കുകളോട് നാം തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നതുവരേക്കും നാം തമ്മിൽ പ്രത്യക്ഷ ശത്രുതയാണുള്ളതെന്നും മറ്റും തുറന്നു പ്രഖ്യാപിച്ച വിവരം സൂറത്തുൽ മുംതഹിനഃ (الممتحنة)യിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. അതിൽ നിങ്ങൾക്ക് നല്ലതായ ഒരു മാതൃകയുണ്ട് എന്നും അതോടൊപ്പം നമ്മെ അല്ലാഹു ഉണർത്തുകയും ചെയ്തിരിക്കുന്നു. (സൂ: മുംതഹിനഃ 4 -ാം വചനം നോക്കുക) അതുപോലെയുള്ള ഒരു പ്രഖ്യാപനം ഈ സമുദായത്തിലെ മുശ്രിക്കുകളോടും ചെയ്യാനാണ് ഈ സൂറത്തിൽ അല്ലാഹു നബിﷺയോട് കൽപിക്കുന്നത്. നബിﷺയോടുള്ള കൽപന അവിടുത്തെ അനുയായികൾക്കും ബാധകമാണെന്ന് പറയേണ്ടതില്ലല്ലോ. والله اعلم

﴿اللهم لك الحمد والمنة﴾

سورة الكوثر

108. സൂറത്തുല്‍ കൗഥര്‍

മക്കഃയില്‍ അവതരിച്ചത് - വചനങ്ങള്‍ 3

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝١

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ ۝١

﴾1﴿ നിശ്ചയമായും നാം നിനക്ക് ധാരാളം (നന്മകള്‍) നല്‍കിയിരിക്കുന്നു.

فَصَلِّ لِرَبِّكَ وَٱنۡحَرۡ ۝٢

﴾2﴿ ആകയാല്‍, നിന്റെ റബ്ബിന് നീ നമസ്കരിക്കുകയും (ബലി) അറുക്കുകയും ചെയ്യുക.

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ۝٣

﴾3﴿ നിശ്ചയമായും, നിന്നോട് വിദ്വേഷം വെക്കുന്നവന്‍ തന്നെയാണ് വാലറ്റവന്‍ [ഭാവിയില്ലാത്തവന്‍].

﴾1﴿ إِنَّا أَعْطَيْنَاكَ നിശ്ചയമായും നാം നിനക്ക് നല്‍കി, തന്നു الْكَوْثَرَ ധാരാളമായത്, വളരെ നന്മ, കൗഥര്‍' ﴾2﴿ فَصَلِّ ആകയാല്‍ നീ നമസ്കരിക്കുക لِرَبِّكَ നിന്റെ റബ്ബിന് وَانْحَرْ അറുക്കുകയും (മൃഗബലി കൊടുക്കുകയും) ചെയ്യുക ﴾3﴿ إِنَّ شَانِئَكَ നിശ്ചയമായും നിന്നോട് ഈര്‍ഷ്യത (പക- വിദ്വേഷം) കാണിക്കുന്നവന്‍ هُوَ അവന്‍ തന്നെ الأَبْتَرُ (വാല്) അറ്റവന്‍, മുറിഞ്ഞുപോയവന്‍ (ഭാവി നഷ്ടപ്പെട്ടവന്‍)

الْكَوْثَر (കൗഥര്‍) എന്നാല്‍ 'ധാരാളമുള്ളത്', ധാരാളമായ നന്മ, വലിയ ധര്‍മിഷ്ടന്‍' എന്നൊക്കെ അര്‍ത്ഥമാകുന്നു. ഇബ്‌നു അബ്ബാസ്, ഇക്‌രിമഃ, സഈദുബ്‌നു ജുബൈര്‍, മുജാഹിദ്, ഹസന്‍ ബസ്വരി (റ) മുതലായ പലരും الخير الكثير (ധാരാളമായ നന്മ) എന്നാണ് ഇവിടെ അര്‍ത്ഥം കല്‍പിച്ചിരിക്കുന്നത്. ഇഹത്തില്‍വെച്ചും പരത്തില്‍വെച്ചും നബിﷺക്ക് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങള്‍ ധാരാളക്കണക്കിലുണ്ടെന്ന് പറയേണ്ടതി

ല്ലല്ലോ. സ്വർഗത്തിൽ അല്ലാഹു നബി തിരുമേനിﷺക്ക് നൽകുന്ന 'ഹൗദ്വുൽ കൗഥർ' (الحَوضُ الكَوْثَر) എന്ന അരുവി -അല്ലെങ്കിൽ തടാകം- ആണ് അതുകൊണ്ടുദ്ദേശ്യമെന്നും പല മഹാൻമാരും പ്രസ്താവിച്ചിട്ടുണ്ട്. ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇതും ഇതല്ലാത്തതും അടക്കം അല്ലാഹു നബിﷺക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങളും ആ വാക്കിൽ അടങ്ങുന്നുവെന്ന് വെക്കുന്നതിനാണ് കൂടുതൽ ഔചിത്യം കാണുന്നത്. ആ കണക്കറ്റ അനുഗ്രഹങ്ങളിൽ പ്രധാനമായ ഒന്നാണ് 'ഹൗദ്വുൽ കൗഥർ' എന്നുള്ള തിൽ സംശയമില്ല.

ആഇശഃ (റ)യോട് إِنَّآ أَعۡطَيۡنَٰكَ ٱلۡكَوۡثَرَ (നിനക്ക് നാം 'കൗഥർ' നൽകിയിരിക്കുന്നു) എന്ന വചനത്തെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ, 'അത് നിങ്ങളുടെ നബിക്ക് (സ്വർഗ ത്തിൽ) നൽകപ്പെട്ടിട്ടുള്ള അരുവിയാണ്' എന്ന മറുപടി പറഞ്ഞതായി ഇമാംബുഖാരീ (റ) ഉദ്ധരിച്ചിരിക്കുന്നു. റസൂൽﷺ പറഞ്ഞതായി ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു: 'എന്റെ 'ഹൗദ്' ഒരു മാസത്തെ വഴി അകലമുള്ളതാണ്. അതിന്റെ ഭാഗങ്ങൾ സമമാണ്, (സമചതുരത്തിലാണ്.) അതിലെ വെള്ളം പാലിനെക്കാൾ വെള്ളയായതും, അതിന്റെ വാസന കസ്തൂരിയെക്കാൾ നല്ലതും, അതിലെ കൂജ (പാനപാത്രം)കൾ ആകാശത്തെ നക്ഷത്രങ്ങൾ കണക്കെയുള്ളതുമാകുന്നു. അതിൽനിന്ന് ആരെങ്കിലും കുടിക്കുന്നപക്ഷം അവന് ഒരു കാലത്തും ദാഹം ഉണ്ടാകുകയില്ല.' (ബു; മു.) വേറെയും ഹദീഥുകൾ 'ഹൗദ്വുൽ കൗഥറി'നെ സംബന്ധിച്ച് വന്നിരിക്കുന്നു. സ്ഥലദൈർഘ്യം ഭയന്നു കൂടുതൽ ഉദ്ധരിക്കുന്നില്ല. നബിﷺക്ക് ശേഷം മതത്തിൽ അനാചാരങ്ങൾ ഉണ്ടാക്കിത്തീർത്ത വർക്ക് അതിൽനിന്ന് കുടിക്കുവാൻ സാധിക്കുന്നതല്ലെന്ന് ബുഖാരി (റ) ഉദ്ധരിച്ച വേറെ ഒരു ഹദീഥിൽ വന്നിട്ടുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാകുന്നു.

മറ്റുള്ള പ്രവാചകൻമാർക്ക് ലഭിച്ചതുപോലെയുള്ള അനുഗ്രഹങ്ങൾക്ക് പുറമെ നബി തിരുമേനിﷺക്ക് പ്രത്യേകമായി ഇഹത്തിലും പരത്തിലും അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാണ്. അതുകൊണ്ട് അതിന് നന്ദിയായി നമസ്കാരകർമവും, ബലി കർമവും നിർവ്വഹിക്കണമെന്ന് ഈ സൂറത്ത് മുഖേന അല്ലാഹു തിരുമേനിക്ക് ഉപദേശം നൽകുന്നു. ഈ ഉപദേശം നബി തിരുമേനിﷺ വേണ്ടും വണ്ണം സ്വീകരിച്ചുവന്നിട്ടുണ്ട് താനും. രാത്രിയിൽ അധികം സമയം നിന്ന് നമസ്കരിക്കുന്നതുമൂലം അവിടുത്തെ കാലിൽ നീരുകെട്ടിപ്പോകുമായിരുന്നു. അവിടുത്തെ പാപങ്ങൾ അല്ലാഹു പൊറുത്തുത ന്നിരിക്കെ ഇത്രത്തോളം വിഷമിക്കുന്നത് എന്തിനാണെന്ന് ആഇശഃ (റ) ചോദിച്ചപ്പോൾ 'ഞാൻ ഒരു നന്ദിയുള്ള അടിമ ആകേണ്ടതല്ലേ?!' എന്നായിരുന്നു അവിടുന്ന് മറുപടി പറഞ്ഞത്. നമസ്കാരം വർദ്ധിപ്പിക്കുന്നതിൽ തിരുമേനിക്കുണ്ടായിരുന്ന അതീവ താൽപര്യം പ്രസിദ്ധമാണ്. മൃഗബലി നടത്തുന്ന കാര്യത്തിലും തിരുമേനി മുൻപന്തിയിൽ തന്നെയായിരുന്നു. വലിയ പെരുന്നാളിലും, ഹജ്ജിന്റെയും ഉംറഃയുടെയും അവസാനത്തിലും ധാരാളം ബലികർമം നടത്തുക അവിടുത്തെ പതിവായിരുന്നു.

നബി തിരുമേനിﷺക്ക് അവിടുത്തെ പ്രബോധന സംരംഭത്തിൽനിന്ന് പിൻതിരിപ്പിക്കുവാൻ തങ്ങൾ പ്രയോഗിക്കുന്ന എല്ലാ അടവുകളും പരാജയപ്പെടുന്നതിൽ ക്ഷുഭിത രായ ശത്രുക്കൾ തിരുമേനിയെക്കുറിച്ച് പലതും പറഞ്ഞുകൊണ്ടിരിക്കും. അക്കൂട്ടത്തിൽ, 'മുഹമ്മദ് അധികം താമസിയാതെ മരണമടയും, അതോടെ ഈ പുത്തൻ പ്രസ്ഥാനവും നശിച്ചുകൊള്ളും, അവന് ആൺമക്കൾ ജീവിക്കുന്നില്ല. അതുകൊണ്ട് അവന്റെ പ്രാതി നിധ്യം ഏറ്റെടുക്കുവാൻ ആളുണ്ടാകുകയില്ല, ആകയാൽ അവന് ഇവിടെ ഭാവിയില്ല' എന്നൊക്കെപ്പറഞ്ഞ് അവർ കൃതാർത്ഥത അടയും. ഇവരെക്കുറിച്ചാണ് അവസാനത്തെ

സൂക്തത്തില്‍ പ്രസ്താവിക്കുന്നത്. യഥാര്‍ത്ഥത്തില്‍ സംഭവിക്കുവാന്‍ പോകുന്നത് നേരെ മറിച്ചാണ്, നബിﷺയോട് വിദ്വേഷവും പകയും വെച്ചുപുലര്‍ത്തുന്ന അക്കൂട്ടരാണ് വാലറ്റക്കാര്‍, അവര്‍ക്കാണ് പിന്തുടര്‍ച്ചയില്ലാത്തത്, അവരുടെ പേരും പ്രശസ്തിയുമാണ് നശിക്കാന്‍ പോകുന്നത്. നബിﷺയുടെ പിന്തുടര്‍ച്ചയും സ്മരണയും പ്രശസ്തിയുമെല്ലാം തന്നെ ലോകാവസാനം വരെ നിലനില്‍ക്കാതിരിക്കയില്ല എന്നൊക്കെയാണ് അവസാനത്തെ വചനത്തില്‍ സൂചിപ്പിക്കുന്നത്. സംഭവിച്ചതും അങ്ങനെത്തന്നെ. والله اعلم

﴿ولله الحمد والمنة﴾

سورة الماعون

107. സൂറതുൽ മാഊൻ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 7

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

أَرَءَيۡتَ ٱلَّذِي يُكَذِّبُ بِٱلدِّينِ ﴿١﴾

﴾1﴿ മതത്തെ വ്യാജമാക്കുന്നവനെ നീ കണ്ടുവോ?-

فَذَٰلِكَ ٱلَّذِي يَدُعُّ ٱلۡيَتِيمَ ﴿٢﴾

﴾2﴿ അനാഥക്കുട്ടിയെ തള്ളി വിടുന്നവനത്രെ അത്.

وَلَا يَحُضُّ عَلَىٰ طَعَامِ ٱلۡمِسۡكِينِ ﴿٣﴾

﴾3﴿ പാവപ്പെട്ടവന്റെ ഭക്ഷണത്തെപ്പറ്റി അവൻ പ്രോൽസാഹനം നൽകുകയുമില്ല,

فَوَيۡلٞ لِّلۡمُصَلِّينَ ﴿٤﴾

﴾4﴿ എന്നാൽ, നമസ്കാരക്കാർക്ക് നാശം!-

ٱلَّذِينَ هُمۡ عَن صَلَاتِهِمۡ سَاهُونَ ﴿٥﴾

﴾5﴿ അതായത്, തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധയുള്ളവർക്ക്,-

ٱلَّذِينَ هُمۡ يُرَآءُونَ ﴿٦﴾

﴾6﴿ (അതെ) യാതൊരു കൂട്ടർ; അവർ (മറ്റുള്ളവരെ) കാണിക്കുവാനായി പ്രവർത്തിക്കുന്നു;

وَيَمۡنَعُونَ ٱلۡمَاعُونَ ﴿٧﴾

﴾7﴿ പരോപകാരവസ്തു(ക്കളെ) അവർ മുടക്കം ചെയ്കയും ചെയ്യും. [ഇങ്ങനെയുള്ളവർക്കാണ് നാശം]

﴾1﴿ أَرَأَيْتَ നീ കണ്ടുവോ الَّذِي يُكَذِّبُ വ്യാജമാക്കുന്നവനെ بِالدِّينِ മതത്തെ, പ്രതിഫലനടപടിയെ ﴾2﴿ فَذَٰلِكَ الَّذِي യാതൊരുവനത്രെ അത് يَدُعُّ തള്ളിവിടുന്നു, പിടിച്ചു തള്ളുന്ന, തുരത്തിവിടുന്ന الْيَتِيمَ അനാഥകുട്ടിയെ ﴾3﴿ وَلَا يَحُضُّ അവൻ പ്രോത്സാഹനം നൽകയുമില്ല عَلَىٰ طَعَامِ ഭക്ഷണത്തിന്റെ മേൽ الْمِسْكِينِ സാധുവിന്റെ, പാവപ്പെട്ടവന്റെ ﴾4﴿ فَوَيْلٌ എന്നാൽ നാശം, കഷ്ടം لِلْمُصَلِّينَ നമസ്കാരക്കാർക്കാണ്, നമസ്കരിക്കുന്നവർക്കത്രെ ﴾5﴿ الَّذِينَ അതായത് യാതൊരുവർ هُمْ അവർ عَن صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് سَاهُونَ അശ്രദ്ധരാണ്, വിസ്മരിച്ചവരാണ് ﴾6﴿ الَّذِينَ അതായത് യാതൊരുവർ هُمْ يُرَاءُونَ അവർ കാണിക്കുവാനായി പ്രവർത്തിക്കുന്നു ﴾7﴿ وَيَمْنَعُونَ അവർ മുടക്കുകയും ചെയ്യും الْمَاعُونَ പരോപകാരവസ്തുവെ (ചെറുകിട വസ്തുക്കളെ)

മതസിദ്ധാന്തങ്ങൾ, പരലോകജീവിതം, കർമങ്ങൾക്കുള്ള പ്രതിഫലം ആദിയായ കാര്യങ്ങളെ വ്യാജമാക്കുന്ന മതനിഷേധികളുടെയും, കപടവിശ്വാസികളുടെയും ചില ലക്ഷണങ്ങൾ ഈ സൂറത്തിൽ അല്ലാഹു വിവരിച്ചിരിക്കുന്നു. ഓരോന്നും വളരെ ശ്രദ്ധാർഹമായ കാര്യങ്ങളും നിത്യജീവിതത്തിൽ സൂക്ഷിക്കപ്പെടേണ്ടവയുമാകുന്നു.

(1) അനാഥകുട്ടികളോട് നിർദ്ദയമായും പരുഷമായും പെരുമാറുക.

(2) പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുന്ന വിഷയത്തിൽ പ്രോൽസാഹനം നൽകാതിരിക്കുക. ഈ രണ്ട് കാര്യങ്ങളെക്കുറിച്ചും ക്വുർആൻ പലപ്പോഴും ശക്തിയായ ഭാഷയിൽ ഉണർത്താറുള്ളതാണ്. കഴിഞ്ഞ ചില സൂറത്തുകളിൽവെച്ച് ഇത് സംബന്ധിച്ച് ചിലതെല്ലാം നാം വായിക്കുകയും ചെയ്തിരിക്കുന്നു. അനാഥക്കുട്ടികളെ പുറംതള്ളുന്നതും സാധുക്കൾക്ക് ഭക്ഷണം നൽകുന്നതിൽ പ്രോത്സാഹനം നൽകാതിരിക്കലും മതനിഷേധത്തിന്റെ ലക്ഷണമായിട്ടാണ് അല്ലാഹു എടുത്തുകാട്ടിയിരിക്കുന്നത്. ഇതോർക്കുമ്പോൾ, അനാഥകളെ ആദരിക്കുകയും, അവരുടെ നന്മക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നതിന്റെയും, സാധുക്കളുടെ വിശപ്പും പട്ടിണിയും തീർക്കുകയും ആ വിഷയത്തിൽ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നതിന്റെയും, ബാധ്യത മുസ്ലിംകളെ സംബന്ധിച്ചിടത്തോളം എത്രമേൽ വമ്പിച്ചതാണെന്ന് ഊഹിക്കാവുന്നതാണ്.

(3) നമസ്കാരത്തെക്കുറിച്ച് ശ്രദ്ധയില്ലാതിരിക്കുക. 'നമസ്കാരക്കാർക്കാണ് നാശം' എന്ന് പറഞ്ഞുകൊണ്ടാണ് ഇക്കാര്യം അല്ലാഹു ഉണർത്തുന്നത്. നമസ്കാരത്തിന്റെ നിയമപരമായ നിർബന്ധത്തിന് വിധേയരായിരിക്കുകയും എന്നിട്ട് അതിനെക്കുറിച്ച് അശ്രദ്ധരാവുകയും ചെയ്യുന്ന കപടൻമാരെപ്പറ്റിയാണ് ഈ പ്രസ്താവന എന്ന് അതിൽനിന്ന് മനസ്സിലാക്കാം. അവരെപ്പറ്റി هُمْ يُرَاءُونَ (അവർ മറ്റുള്ളവരെ കാണിക്കുവാനായി ചെയ്യും) എന്ന് പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. പ്രത്യക്ഷത്തിൽതന്നെ അവിശ്വാസികളായ ആളുകൾക്ക് മറ്റുള്ളവരെ കാണിക്കുവാനായി നമസ്കാരം നിർവഹിക്കേണ്ടുന്ന ആവശ്യമില്ലല്ലോ. അശ്രദ്ധ പല വിധത്തിലും ആവാം. പാടേ ഉപേക്ഷിക്കുക, ചിലപ്പോൾ മാത്രം നമസ്കരിക്കുക, മറ്റുള്ളവരുടെ കൂട്ടത്തിലാകുമ്പോൾ മാത്രം നമസ്കരിക്കുക, സമയനിഷ്ഠ പാലിക്കാതിരിക്കുക, നമസ്കരിക്കുമ്പോൾ അതിലെ ഒഴിച്ചുകൂടാത്ത ഘടകങ്ങളും നിബന്ധനകളും ഗൗനിക്കാതിരിക്കുക, അന്യചിന്തകളിൽ മുഴുകിക്കൊണ്ട് ബാഹ്യരൂപം മാത്രം കഴിച്ചുകൂട്ടുക, നമസ്കാരത്തിൽ നാവ് കൊണ്ട് ചൊല്ലുന്ന ദിക്ർ- ദുആ- ക്വുർആൻ മുതലായവയുടെ സാരം ഓർക്കാതെയും അറിയാതെയും കേവലം ഒരു ചടങ്ങായി

മാത്രം നിറവേറ്റുക എന്നിവയെല്ലാംതന്നെ- ഇമാം ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയതു പോലെ- നമസ്കാരത്തെക്കുറിച്ചുള്ള അശ്രദ്ധയുടെ ഇനങ്ങളിൽ ഉൾപ്പെടുന്നു. ഇവയിൽ ഓരോന്നും പ്രത്യേകം നോക്കുമ്പോൾ ചിലത് ചിലതിനെക്കാൾ ഗൗരവം കൂടിയതോ കുറഞ്ഞതോ ആയിരിക്കുമെന്ന് പറയേണ്ടതില്ല. എന്നാൽ, ഈ ദോഷങ്ങൾ മുഴുവനുമോ ഏതാനുമോ ഒരാളിൽ സമ്മേളിക്കുന്നപക്ഷം, ആ നമസ്കാരക്കാരൻ കപടവിശ്വാസിക ളുടെ ഇനത്തിൽ പെട്ടവനാണെന്നുള്ളതിൽ സംശയമില്ല. معاذ الله

കപടവിശ്വാസികളുടെ ലക്ഷണങ്ങൾ പറയുന്ന കൂട്ടത്തിൽ, മടിയൻമാരായിക്കൊണ്ട ല്ലാതെ അവർ നമസ്കാരം നിർവ്വഹിക്കുകയില്ലെന്നും, നമസ്കാരത്തിൽ അവർ അല്ലാ ഹുവിനെ അൽപമല്ലാതെ ഓർമിക്കുകയില്ലെന്നും, അതൃപ്തിയോടുകൂടിയല്ലാതെ അവർ ധനം ചിലവഴിക്കുകയില്ലെന്നും അല്ലാഹു വേറെ സ്ഥലങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാകുന്നു. (സൂ: നിസാഉ് 142; സൂ: തൗബഃ 54.)

നബിﷺ ഒരിക്കൽ പറയുകയുണ്ടായി: 'അത് കപടവിശ്വാസിയുടെ നമസ്കാരമാണ്! അത് കപടവിശ്വാസിയുടെ നമസ്കാരമാണ്! അത് കപടവിശ്വാസിയുടെ നമസ്കാരമാണ്! അതായത്: അവൻ സൂര്യനെനോക്കി കാത്തുകൊണ്ടിരിക്കും. അങ്ങനെ, അത് പിശാ ചിന്റെ രണ്ടുകൊമ്പുകൾക്കിടയിലായിത്തീരുമ്പോൾ അവൻ എഴുന്നേൽക്കും. എന്നിട്ട് ഒരു നാലുവട്ടം കൊത്തും. അതിൽ അല്ലാഹുവിനെ അൽപമാത്രമല്ലാതെ അവൻ ഓർമി ക്കുകയുമില്ല.' (ബു. മു.) സൂര്യൻ പിശാചിന്റെ രണ്ടുകൊമ്പുകൾക്കിടയിൽ ആകുക എന്ന് പറഞ്ഞതിന്റെ താൽപര്യം അസ്തമിക്കുവാൻ പോകുക എന്നത്രെ. അസ്തമനവേളയിലും ഉദയവേളയിലും ചില മതക്കാർ സൂര്യനെ ആരാധിക്കാറുള്ളതിനെ സൂചിപ്പിച്ചുകൊണ്ടാണ് തിരുമേനി അങ്ങനെ പ്രസ്താവിച്ചത്. അപ്പോൾ, കപടവിശ്വാസിയുടെ നമസ്കാരം സമയം തെറ്റിച്ചുകൊണ്ടായിരിക്കുമെന്നതിന് പുറമെ, അത് സൂര്യാരാധകരുടെ ആരാധനയുമായി സാദൃശ്യമുള്ളതായിത്തീരുകയും ചെയ്യുന്നു. നാല് കൊത്തുകൊത്തും എന്ന് പറഞ്ഞ തിന്റെ താൽപര്യം, ആവശ്യമായ നിയമങ്ങളും മര്യാദകളും ഗൗനിക്കാതെയും, നമസ്കാ രത്തിന്റെ കാതലായ വശം- അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ- പാലിക്കാതെയും കോഴി കൊത്തുംപോലെ വേഗത്തിൽ ഒരു നാല് റക്അത്ത് കുമ്പിടും എന്നത്രെ. 'അസ്ർ' നമസ്കാരത്തെയാണ് നബിﷺ ഇവിടെ ഉദാഹരിച്ചത്. മറ്റ് നമസ്കാരങ്ങളുടെ സ്ഥിതിയും ഇതിൽനിന്ന് ഊഹിക്കാമല്ലോ.

4 -ാമത്തെ ലക്ഷണം, അയൽവാസികൾ സാധാരണ അന്യോന്യം പരോപകാരത്തിന് വിട്ടുകൊടുക്കാറുള്ള ചെറുതരം ഉപകരണങ്ങളെ തടയുക- അഥവാ അവ മറ്റുള്ളവർക്ക് ഉപയോഗത്തിന് വിട്ടുകൊടുക്കാതിരിക്കുക- എന്നുള്ളതാകുന്നു. مَاعُون (മാഊൻ) എന്നാണ് അല്ലാഹു ഉപയോഗിച്ച വാക്ക്. ഏറെക്കുറെ വ്യത്യസ്തമായ വാചകങ്ങളിലാ ണെങ്കിലും, ആ വാക്കിന് പല മഹാൻമാരും നൽകിയിട്ടുള്ള നിർവചനങ്ങളുടെ സാര മാണ് നാം മേലുദ്ധരിച്ചത്. അന്യോന്യം ഉപയോഗത്തിനുവേണ്ടി വായ്പ എന്ന നിലക്ക് ജനങ്ങൾ പരസ്പരം വിട്ടുകൊടുക്കാറുള്ള കുടുക്ക, കൊട്ടക്കോരി, മഴു മുതലായ അത്യാ വശ്യ വസ്തുക്കൾക്കാണ് റസൂൽ തിരുമേനിﷺയുടെ കാലത്ത് ഞങ്ങൾ 'മാഊൻ' എന്ന് പറഞ്ഞിരുന്നതെന്ന് ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി പല മാർഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. 'മാഊനിൽ' പ്രധാനമായത് സക്കാത്തും, അതിൽ ഏറ്റവും താണ പടിയിലുള്ളത് തരിപ്പ, കൊട്ടക്കോരി, സൂചി എന്നിവയും ആകുന്നുവെന്ന് ഇക്രിമഃ (عكرمة - رضـ) പ്രസ്താവിച്ചതായും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. 'മാഊനി'നെപ്പറ്റി പലരുടെയും വാചകങ്ങൾ ഉദ്ധരിച്ചശേഷം ഇബ്നുകഥീർ (റ) ഇപ്ര

കാരം പറയുന്നു: 'ഇക്‌രിമഃ (റ) ഈ പറഞ്ഞത് നന്നായിട്ടുണ്ട്. മേലുദ്ധരിച്ച എല്ലാ പ്രസ്താവനകളും അതിലടങ്ങുന്നു. അവയെല്ലാം ചെന്നെത്തുന്നത് ഒരേ ഒരു വസ്തുതയിലേക്കാണ്. അതായത്, ധനംകൊണ്ടോ, ഉപയോഗംകൊണ്ടോ സഹായസഹകരണം ചെയ്യാതിരിക്കുക എന്നത്രെ അത്.

ചുരുക്കിപ്പറഞ്ഞാൽ, തങ്ങളുടെ രക്ഷിതാവിനുള്ള പ്രധാന ആരാധനയായ നമസ്കാരംപോലും നന്നായി നിർവഹിക്കാത്തവരും, നഷ്ടം ബാധിക്കാത്തവിധത്തിലെങ്കിലും നിത്യോപയോഗവസ്തുക്കളെക്കൊണ്ട് ജനങ്ങൾക്ക് സഹായസഹകരണം ചെയ്യാൻ തയ്യാറില്ലാത്തവരുമായിരിക്കും കപടവിശ്വാസികൾ എന്ന് സാരം. അല്ലാഹുവിന് ചെയ്യേണ്ടുന്ന മറ്റുള്ള ആരാധനകളുടെ കാര്യത്തിലും, ജനങ്ങൾക്ക് നൽകേണ്ടുന്ന സക്കാത്ത് മുതലായ ദാനധർമങ്ങളിലും അവരുടെ നില കൂടുതൽ കൂടുതൽ ശോചനീയമായിരിക്കുമെന്ന് വ്യക്തമാണ്. ഇങ്ങനെയുള്ളവർ വല്ലപ്പോഴുമൊക്കെ വലിയ ആരാധകൻമാരായി ചമഞ്ഞേക്കാം. അല്ലെങ്കിൽ ഏതെങ്കിലും നല്ല വിഷയത്തിൽ 'വൻതുക'കൾ സംഭാവന നൽകി 'ഉദാരമതി'കളായി പ്രത്യക്ഷപ്പെട്ടെന്നും വന്നേക്കാം. പക്ഷേ, ആത്മാർത്ഥതയും നിഷ്കളങ്കതയുമല്ല, പേരും കീർത്തിയുമായിരിക്കും അവരുടെ ലക്ഷ്യം. ചിലപ്പോൾ ഏതെങ്കിലും സ്വാർത്ഥം നേടുവാനുള്ള മാർഗമായിട്ടോ ഏതെങ്കിലും നിർബന്ധത്തിന് വഴങ്ങിയോ ആയിരിക്കാം അത്. ഇങ്ങനെയുള്ള കർമങ്ങളൊന്നും അല്ലാഹുവിങ്കൽ വിലപ്പോകുകയില്ലെന്ന് സ്പഷ്ടമാണ്.

തന്റെ കൊട്ടക്കോരികൊണ്ട് അൽപം വെള്ളം കോരുവാൻ, തന്റെ പേനകൊണ്ട് എന്തെങ്കിലുമൊന്ന് എഴുതുവാൻ, തന്റെ മൺവെട്ടികൊണ്ട് കുറച്ച് സമയം മണ്ണുകൊത്തുവാൻ, തന്റെ പറമ്പിൽകൂടി വല്ല ചുമടുംകൊണ്ട് നടന്നുപോകുവാൻ, സ്ഥലം ഒഴിവായിക്കൊണ്ട് പോകുന്ന തന്റെ വാഹനത്തിൽ കാൽനടപോകുന്ന ക്ഷീണിച്ച ഒരു സഹോദരന് അൽപനേരം കയറിയിരിക്കുവാൻ, പൊതുസ്ഥലങ്ങളിലും പൊതുവാഹനങ്ങളിലും ലേശമൊന്ന് നീങ്ങിക്കൊടുത്ത് മറ്റൊരാൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ എന്നിങ്ങിനെയുള്ള നിസ്സാരകാര്യങ്ങളിൽപോലും സൻമനസ്സുകാണിക്കാത്ത പലരെയും ധാരാളം കാണാവുന്നതാണ്. പട്ടിണികൊണ്ടോ മഹാരോഗം മുതലായവകൊണ്ടോ ഗതിമുട്ടി കഷ്ടപ്പെട്ടു സഹായത്തിന് യാചിച്ചുവരുന്നവരെ നിർദ്ദയം ആട്ടിക്കളയുന്നവരും ദുർല്ലഭമല്ല. അതേ സമയം അത്തരം വ്യക്തികളിൽപ്പെട്ട ചിലർപോലും സാധുസംരക്ഷണത്തിനും അഗതി ശുശ്രൂഷകൾക്കും വേണ്ടിയുള്ള സ്ഥാപനങ്ങൾക്കോ മറ്റോ വൻതുകകൾ സംഭാവന ചെയ്യുകയും ചെയ്തേക്കും! ഇത്തരം 'വമ്പിച്ച ഔദാര്യ'ങ്ങൾ അല്ലാഹുവിന്റെ പ്രീതിയോ പ്രതിഫലമോ ഉന്നംവെച്ചുകൊണ്ടുള്ളതാവാൻ തരമില്ല. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലം പ്രതീക്ഷിക്കുവാൻ അതിൽ വകയുമില്ല. കാരണം, അതിൽ അവർക്ക് ഉദ്ദേശ്യശുദ്ധിയില്ലെന്നാണ് അവരുടെ മറ്റ് ചെയ്തികൾ തെളിയിക്കുന്നത്. അല്ലാഹുവിന്റെ നോട്ടം ഹൃദയത്തിലേക്കാണല്ലോ. യഥാർത്ഥമായ സേവനതൽപരതയും, ഉദാരമനസ്കതയും ഉള്ളവർ സന്ദർഭത്തിനും, കഴിവിനും അനുസരിച്ച് കിട്ടുന്ന അവസരം ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. വലുപ്പചെറുപ്പമോ രഹസ്യപരസ്യമോ, മുഹൂർത്തവ്യത്യാസമോ നോക്കേണ്ടതില്ല; നോക്കുന്നതുമല്ല. والله اعلم

﴿ومن الله التوفيق لما يحب ويرضى وله الحمد والمنة﴾

سورة قريش

106. സൂറതു ക്വുറൈശ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 4

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝١

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

لِإِيلَٰفِ قُرَيۡشٍ ۝١

﴾1﴿ ക്വുറൈശികൾക്ക് ഇണക്കമുണ്ടാക്കിക്കൊടുത്തതിനാൽ,-

إِۦلَٰفِهِمۡ رِحۡلَةَ ٱلشِّتَآءِ وَٱلصَّيۡفِ ۝٢

﴾2﴿ അതായത്, ശൈത്യകാലത്തെയും, ഉഷ്ണകാലത്തെയും യാത്ര അവർക്ക് ഇണക്കിക്കൊടുത്തത്;-

فَلۡيَعۡبُدُواْ رَبَّ هَٰذَا ٱلۡبَيۡتِ ۝٣

﴾3﴿ അതിനാൽ, അവർ ഈ വീട്ടിന്റെ റബ്ബിനെ ആരാധിച്ചുകൊള്ളട്ടെ;-

ٱلَّذِيٓ أَطۡعَمَهُم مِّن جُوعٖ وَءَامَنَهُم مِّنۡ خَوۡفِۭ ۝٤

﴾4﴿ (അതെ) അവർക്ക് വിശപ്പിന് ഭക്ഷണം നൽകുകയും അവർക്ക് ഭയത്തിന് സമാധാനം നൽകുകയും ചെയ്തവനെ (ആരാധിച്ചുകൊള്ളട്ടെ).

﴾1﴿ لِإِيلَافِ ഇണക്കി (പരിചയപ്പെടുത്തി)യതിനാൽ قُرَيْشٍ ക്വുറൈശികളെ ﴾2﴿ إِيلَافِهِمْ അതായത് അവരെ ഇണക്കിയത് رِحْلَةَ യാത്ര, യാത്രക്ക് الشِّتَاءِ ശൈത്യകാലത്തെ وَالصَّيْفِ ഉഷ്ണകാലത്തെയും ﴾3﴿ فَلْيَعْبُدُوا അതിനാൽ അവർ ആരാധിക്കട്ടെ رَبَّ هَٰذَا الْبَيْتِ ഈ വീട്ടിന്റെ (മന്ദിരത്തിന്റെ) റബ്ബിനെ ﴾4﴿ الَّذِي أَطْعَمَهُمْ അവർക്ക് ഭക്ഷണം നൽകിയവനായ مِنْ جُوعٍ വിശപ്പിന്, പട്ടിണിയിൽനിന്ന് وَآمَنَهُمْ അവർക്ക് അഭയം (സമാധാനം) നൽകുകയും ചെയ്ത مِنْ خَوْفٍ ഭയത്തിന്, പേടിയിൽ നിന്ന്

'ക്വുറൈശ്' എന്ന പേരിൽ അറിയപ്പെടുന്നതും, ക്വുറൈശികളെ സംബന്ധിച്ച് മാത്രം പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമായ ഒരു അദ്ധ്യായമാണിത്. ഇതുമൂലം ക്വുറൈശികളുടെ പേരും കീർത്തിയും ലോകാവസാനംവരെ ഭൂമുഖത്ത് അവശേഷിക്കുന്നതായിരിക്കും. വിശുദ്ധ കഅ്ബഃയുടെ ശുശ്രൂഷകരും ഭരണാധിപരുമെന്നനിലക്ക് അവർക്ക് അറബികൾക്കിടയിൽ വലിയ പ്രശസ്തിയുണ്ടായിരുന്നുവല്ലോ. പക്ഷേ, ജീവിതമാർഗങ്ങളിൽ മിക്കവാറും അവർക്ക് അന്യനാടുകളെ ആശ്രയിക്കേണ്ടിയിരുന്നു. ഈത്തപ്പഴം മുതലായ ചില ഫലവർഗങ്ങളല്ലാതെ, സാധാരണ കൃഷി വിഭവങ്ങളൊന്നും അവിടെ ഇല്ലായിരുന്നു. ഈ പോരായ്മ നികത്തുവാൻ ഉഷ്ണകാലത്ത് ശാമിലേക്ക് (സിരിയായിലേക്ക്) വടക്കോട്ടും, ശൈത്യകാലത്ത് യമനിലേക്ക് തെക്കോട്ടും യാത്രചെയ്യുന്നത് വളരെ വിഷമകരമായതുകൊണ്ടാണ് അങ്ങനെ കാലവും ദിക്കും നിർണയിക്കപ്പെടുന്നത്. അറേബ്യാ രാജ്യം മണലാരണ്യങ്ങളും, വരണ്ട മലമ്പ്രദേശങ്ങളും നിറഞ്ഞതാകകൊണ്ട് തണുപ്പുകാലത്ത് തണുപ്പും, ചൂടുകാലത്ത് ചൂടും അസഹ്യമായിരിക്കും. സംഘം ചേർന്നും ആഘോഷപൂർവവുമായിരുന്നു പ്രസ്തുത യാത്രകൾ. നാട്ടിൽ ഇറക്കുമതിചെയ്യലും ഈ കച്ചവടസംഘങ്ങൾ മുഖേനയായിരുന്നു. ഓരോ യാത്രയും ഒന്നുരണ്ട് മാസത്തോളം പിടിക്കും. പലപ്പോഴും വഴിമദ്ധ്യെ പല അനിഷ്ട സംഭവങ്ങളും സംഘട്ടനങ്ങളും അവർക്ക് നേരിടേണ്ടിയും വന്നേക്കും. അതിനുള്ള മുൻകരുതലോടെത്തന്നെയായിരിക്കും യാത്രാസംഘങ്ങൾ പുറപ്പെടുന്നതും.

ഈ യാത്രകൾക്ക് വേണ്ടുന്ന സൗകര്യങ്ങളും പരിചയവും നൽകിയത് മുഖേന അല്ലാഹു ക്വുറൈശികളെ വിശപ്പിൽ നിന്ന് രക്ഷിക്കുകയും, അവർക്ക് ആഹാരമാർഗം നൽകുകയും ചെയ്തു. അവർക്ക് അറബികളിലുണ്ടായിരുന്ന പ്രത്യേക സ്ഥാനമാനങ്ങൾ നിമിത്തം മറ്റുള്ളവരെ അപേക്ഷിച്ച് അവരുടെ യാത്രാസംഘങ്ങൾ ഏറെക്കുറെ സുരക്ഷിതങ്ങളുമായിരുന്നു. കൂടാതെ, കഅ്ബഃയുടെ അടുത്ത സ്ഥലങ്ങളിൽവെച്ച് അക്രമവും സംഘട്ടനവും നടക്കുന്നത് വമ്പിച്ച ഒരു പാതകമായി എല്ലാവരും അംഗീകരിച്ചുവന്നിരുന്നതുകൊണ്ട് സ്വന്തം നാട്ടിലും അവർക്ക് സമാധാനമായി ജീവിക്കാമായിരുന്നു. ഇങ്ങനെയുള്ള അനുഗ്രഹങ്ങളെയാണ് അല്ലാഹു അവരെ അനുസ്മരിപ്പിക്കുന്നത്. ക്വുറൈശികൾക്ക് സിദ്ധിച്ച യോഗ്യതകളും, കീർത്തിയും, സ്വാധീനവും എല്ലാംതന്നെ സിദ്ധിക്കുവാൻ കാരണം അവർ കഅ്ബഃയുടെ സംരക്ഷകരും, അയൽവാസികളും ആയതാണല്ലോ. അപ്പോൾ, എല്ലാനിലക്കും അവർ ആ വിശുദ്ധ മന്ദിരത്തിന്റെ ഉടമസ്ഥനായ അല്ലാഹുവിനെ ആരാധിക്കുവാനും, അവനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കാതിരിക്കുവാനും ബാധ്യസ്ഥരാകുന്നു. ഈ ബാധ്യത അവർ നിറവേറ്റിക്കൊള്ളട്ടെ എന്ന് അവരെ അല്ലാഹു ഉൽബോധിപ്പിക്കുകയാണ്.

﴿ولله الحمد والمنة﴾

سورة الفيل

105. സൂറത്തുൽ ഫീൽ

മദീനഃയിൽ അവതരിച്ചത് - വചനങ്ങൾ 5

വിശുദ്ധ കഅ്ബഃയെ പൊളിച്ചുനീക്കുവാൻ തയ്യാറെടുത്തുവന്ന ഒരു ആനപ്പട്ടാളത്തെ അല്ലാഹു കഠിനമായി ശിക്ഷിച്ചു പരാജയപ്പെടുത്തുകയും, ക്വുറൈശികളെയും മക്കാനിവാസികളെയും രക്ഷപ്പെടുത്തുകയും ചെയ്ത ചരിത്ര പ്രസിദ്ധമായ സംഭവമാണ് ഈ സൂറത്തിൽ അടങ്ങിയിരിക്കുന്നത്. പ്രസ്തുത സംഭവം മുഖേന അല്ലാഹു അവർക്ക് ചെയ്ത അനുഗ്രഹം, അതിലടങ്ങിയ ദൈവിക ദൃഷ്ടാന്തം എന്നിവയെക്കുറിച്ച് അവരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ഈ സൂറത്ത് അവതരിക്കുമ്പോൾ, ആ സംഭവത്തിന് ദൃക്സാക്ഷികളായിരുന്ന പലരും അറബികളിൽ ജീവിച്ചിരിപ്പുണ്ട്. ആ നിലക്ക് ഈ അനുസ്മരണം കൂടുതൽ ഫലവത്തായിരിക്കുമല്ലോ. ക്വുറൈശികൾക്കിടയിൽ ഒരു വമ്പിച്ച സംഭവമായി ഗണിക്കപ്പെട്ടിരുന്ന അതിന്റെ വിശദാംശങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ കാണാമെങ്കിലും സംഭവത്തിന്റെ ചുരുക്കം ഇപ്രകാരമാണ്:-

ഹബ്ശഃ (അബ്സീനിയാ)യിലെ ചക്രവർത്തിയായിരുന്ന നജ്ജാശീ (നെഗാശീ)യുടെ കീഴിൽ യമൻ ഭരിച്ചിരുന്ന അബ്റഹത്ത് എന്ന് പേരായ ഒരു രാജാവുണ്ടായിരുന്നു. ചക്രവർത്തിയുടെ പ്രീതി സമ്പാദിക്കുവാൻ വേണ്ടി യമനിൽ ഒരു വമ്പിച്ച ക്രിസ്തീയ ദേവാലയം അവൻ പണിതു. ജനങ്ങളെ അങ്ങോട്ട് ആകർഷിക്കുവാൻ അവൻ ഒരു ഉപായം കണ്ടുപിടിച്ചു. മക്കഃയിലേക്ക് ജനങ്ങൾ ഹജ്ജ് കർമത്തിന് പോകുന്ന പതിവ് നിറുത്തലാക്കി പകരം ആ ദേവാലയത്തിലേക്ക് അവരെ തിരിച്ചുവിടണമെന്നായിരുന്നു പരിപാടി. അതിൽ പ്രതിഷേധിച്ച് ഒരു അറബി ആ ദേവാലയത്തിൽ കടന്ന് മലവിസർജ്ജനം നടത്തി വൃത്തികേടാക്കുകയുണ്ടായെന്നും പറയപ്പെടുന്നു. ഏതായാലും, ക്വുറൈശികളുടെ കഅ്ബഃ പൊളിച്ചു നീക്കുമെന്ന് ശപഥം ചെയ്തുകൊണ്ട് അബ്റഹത്ത് ഒരു വമ്പിച്ച സേനയുമായി മക്കഃയിലേക്ക് നീങ്ങി. വഴിമദ്ധ്യെ ഒന്നിലധികം സ്ഥലത്തുവെച്ച് ചില അറബി ഗോത്രങ്ങൾ അവരുമായി സംഘട്ടനത്തിലേർപ്പെട്ടുവെങ്കിലും അതിലെല്ലാം അബ്റഹത്തും സൈന്യവും ജയിച്ചു മുന്നേറി മക്കഃയുടെ അടുത്തെത്തി. സൈന്യത്തിൽ ഒന്നോ അധികമോ ആനയും ഉണ്ടായിരുന്നു. ഈ സേനക്ക് ആനപ്പട്ടാളം എന്ന് പറയപ്പെടുവാൻ ഇതാണ് കാരണം.

മക്കഃയുടെ അടുത്തൊരു സ്ഥലത്ത്വന്നു തങ്ങളുടെ വരവിന്റെ ഉദ്ദേശ്യം അറിയിക്കുവാനായി അബ്റഹത്ത് ക്വുറൈശികളുടെ അടുക്കലേക്ക് ആളയച്ചു. തങ്ങൾ ഒരു യുദ്ധം നടത്തി കീഴടക്കുവാൻ ഉദ്ദേശിച്ചു വന്നതല്ലെന്നും, കഅ്ബഃ പൊളിച്ചു നീക്കൽ മാത്ര

മാണ് വരവിന്റെ ഉദ്ദേശ്യമെന്നും അറിയിച്ചു. തങ്ങളുടെ ജീവനെപ്പോലെ ബഹുമാനിച്ചാദരിച്ചുവരുന്ന കഅ്ബഃ പൊളിക്കുന്നതിൽ അങ്ങേയറ്റത്തെ വെറുപ്പും വ്യസനവും ഉണ്ടെങ്കിലും, ആ സൈന്യത്തെ നേരിടുവാനുള്ള കെൽപോ കരുത്തോ അവർക്ക് ഉണ്ടായിരുന്നില്ല. ആനപ്പട്ടാളത്തെ നേരിട്ടുകൊണ്ടുള്ള യുദ്ധവും അവർക്ക് അപരിചിതമായിരുന്നു. അങ്ങനെ, ആ കാഴ്ച തങ്ങൾ കാണരുതെന്നും, അതിനാൽ നേരിടാവുന്ന ആപത്ത് തങ്ങൾക്ക് പിണയരുതെന്നും കരുതി അവർ സ്ഥലംവിട്ടുപോകുകയാണുണ്ടായത്.

അന്ന് ക്വുറൈശികളുടെ നേതാവും, കഅ്ബഃയുടെ മേൽനോട്ടം വഹിക്കുന്ന ആളും നബിﷺയുടെ പിതാമഹൻ അബ്ദുൽ മുത്ത്വലിബായിരുന്നു. വഴിമദ്ധ്യെ അബ്റഹത്ത് അദ്ദേഹത്തിന്റെ ഇരുനൂറ് ഒട്ടകങ്ങളെ പിടിച്ചടക്കിയിരുന്നു. അബ്റഹത്ത് അദ്ദേഹത്തെ ആളയച്ചുവരുത്തി തന്റെ ലക്ഷ്യത്തെപ്പറ്റി സംസാരിച്ച കൂട്ടത്തിൽ, താങ്കൾക്ക് വല്ലതും പറയുവാനുണ്ടോ എന്ന് അന്വേഷിക്കുകയുണ്ടായി. അബ്ദുൽ മുത്ത്വലിബിന്റെ മറുപടി ഇതായിരുന്നു: 'താങ്കളുടെ ആൾക്കാർ എന്റെ ഒട്ടകത്തെ പിടിച്ചുവെച്ചിട്ടുണ്ട്. അവയെ വിട്ടുതരണം.' ഇത് കേട്ടപ്പോൾ അബ്റഹത്ത് പരിഹാസപൂർവ്വം ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ പൂർവ്വികൻമാരായി ബഹുമാനിച്ചുവരുന്ന നിങ്ങളുടെ മതകേന്ദ്രം നശിപ്പിക്കുന്നതിനെക്കുറിച്ചൊന്നും പറയുവാനില്ലാതെ, കേവലം താങ്കളുടെ ഒട്ടകങ്ങളെക്കുറിച്ചുമാത്രം സംസാരിച്ച നിങ്ങൾ ഒരു കൊള്ളരുതാത്തവൻതന്നെ, താങ്കളെ കണ്ടമാത്രയിൽ എനിക്ക് തോന്നിയ മതിപ്പ് ഇതുകേട്ടപ്പോൾ നശിച്ചുപോയി!' അബ്ദുൽ മുത്ത്വലിബ് പ്രതിവചിച്ചു: 'ഞാനാണ് ഒട്ടകത്തിന്റെ ഉടമസ്ഥൻ. ആ മന്ദിരത്തിന് ഒരു ഉടമസ്ഥനുണ്ട്. അതവൻ രക്ഷിച്ചുകൊള്ളും.'

അങ്ങനെ, മുമ്പിൽ ആനയുമായി സൈന്യം മുന്നോട്ടുവെച്ചു. കഅ്ബഃയുടെ നേർക്ക് തിരിഞ്ഞതോടെ ആന മുട്ടുകുത്തി മുമ്പോട്ട് നീങ്ങാതായി. വളരെ കിണഞ്ഞു പരിശ്രമിച്ചിട്ടും ആന മുമ്പോട്ട് അടിവെക്കുന്നില്ല. മറ്റേത് ഭാഗത്തേക്ക് തിരിച്ചാലും അങ്ങോട്ട് തിരിയുവാൻ അതിന് തടസ്സവുമില്ല. അല്ലാഹു അവരിൽ ഒരുതരം പക്ഷിക്കൂട്ടങ്ങളെ നിയോഗിച്ചയച്ചു. ഒരു പ്രത്യേകതരം കല്ലുകൾ അവ സൈന്യത്തിനുമീതെ വർഷിച്ചു. ഇതുവഴി സൈന്യം നാമാവശേഷമായിത്തീർന്നു. അല്ലാഹു അവന്റെ മന്ദിരത്തെ കാത്തുരക്ഷിക്കുകയും ചെയ്തു.

മിക്കവാറും ക്രിസ്ത്വബ്ദം 570- 571 ലാണ് ഈ സംഭവം ഉണ്ടായത്. 571 -ാം കൊല്ലം ഏപ്രിൽ 2 -ാം തിയ്യതിയാണെന്ന് ചിലർ ക്ലിപ്തപ്പെടുത്തി പ്രസ്താവിച്ചിട്ടുമുണ്ട്, ഈ കൊല്ലത്തിലായിരുന്നു നബി തിരുമേനിയുടെﷺ ജനനവും ഉണ്ടായത്. അറബികളുടെ ഇടയിൽ പൊതുവിലും, ക്വുറൈശികൾക്കിടയിൽ വിശേഷിച്ചും വളരെ ഗൗരവമേറിയ ഒരു സംഭവമാണിതെന്ന് പറയേണ്ടതില്ലല്ലോ. അതിനാൽ, പിന്നീടുണ്ടാകുന്ന സംഭവങ്ങൾക്ക് അവർ ആനക്കലഹം മുതൽ കാലം നിർണയിക്കുക പതിവായിത്തീർന്നു. മദീനാ ഹിജ്റഃ മുതൽ വർഷാരംഭം നിർണയിക്കുന്ന പതിവ് ഇസ്‌ലാമിൽ അംഗീകരിക്കപ്പെടുന്നതുവരെ ആ പതിവ് തുടർന്നുപോന്നു.

ആനപ്പട്ടാളത്തെ നശിപ്പിച്ച പക്ഷിപ്പട്ടാളം ഏത് തരത്തിലുള്ളതായിരുന്നു. അവ എവിടെനിന്നുവന്നു, അവ ശത്രുക്കളെ എറിയുവാൻ കൊണ്ടുവന്ന കല്ലുകൾ ഏത് വിധത്തിലുള്ളവയായിരുന്നു. സൈന്യത്തിൽ ആ കല്ലുകൾ എന്ത് വിനയാണ് വരുത്തിയത് എന്നൊന്നും തീർത്തുപറയുക നമുക്ക് സാധ്യമല്ല. പലരും പല അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടെന്ന് മാത്രം. ഒന്നൊന്നായി സ്വീകരിക്കുവാൻ തെളിവുകളില്ല. ഈ അദ്ധ്യായത്തിൽ അല്ലാഹു അതിനെപ്പറ്റി പ്രസ്താവിച്ച വാക്യങ്ങളിൽനിന്ന് വ്യക്തമാകുന്ന രൂപ

ത്തിൽ- അതിന് യാതൊരു ദുർവ്യാഖ്യാനവും നൽകാതെ- നമുക്കത് സ്വീകരിക്കാം. അത് അതേപടി വിശ്വസിക്കുകയും ചെയ്യാം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

أَلَمۡ تَرَ كَيۡفَ فَعَلَ رَبُّكَ بِأَصۡحَٰبِ ٱلۡفِيلِ ﴿١﴾

《1》 ആനക്കാരെക്കൊണ്ട് നിന്റെ റബ്ബ് ചെയ്തതെങ്ങിനെയാണെന്ന് നീ കണ്ടില്ലേ?!-

أَلَمۡ يَجۡعَلۡ كَيۡدَهُمۡ فِي تَضۡلِيلٖ ﴿٢﴾

《2》 അവരുടെ തന്ത്രം അവൻ പിഴവിലാക്കിയില്ലേ?!-

وَأَرۡسَلَ عَلَيۡهِمۡ طَيۡرًا أَبَابِيلَ ﴿٣﴾

《3》 അവരുടെമേൽ അവൻ കൂട്ടം കൂട്ടമായി ഒരു തരം പക്ഷികളെ അയക്കുകയും ചെയ്തു:-

تَرۡمِيهِم بِحِجَارَةٖ مِّن سِجِّيلٖ ﴿٤﴾

《4》 അവ അവരെ (ചൂളവെച്ച) ഇഷ്ടികക്കല്ലുകൊണ്ട് എറിഞ്ഞിരുന്നു.

فَجَعَلَهُمۡ كَعَصۡفٖ مَّأۡكُولِۭ ﴿٥﴾

《5》 അങ്ങനെ, അവരെ അവൻ തിന്നപ്പെട്ട വൈക്കോൽ തുരുമ്പു പോലെ ആക്കി.

《1》 أَلَمْ تَرَ നീ കണ്ടില്ലേ كَيْفَ فَعَلَ എങ്ങനെ ചെയ്തുവെന്ന് رَبُّكَ നിന്റെ റബ്ബ് بِأَصْحَابِ الْفِيلِ ആനക്കാരെക്കൊണ്ട് 《2》 أَلَمْ يَجْعَلْ അവൻ ആക്കിയില്ലേ كَيْدَهُمْ അവരുടെ തന്ത്രം, ഉപായം فِي تَضْلِيلٍ പിഴവിൽ, പാഴിൽ, നഷ്ടത്തിൽ, വഴികേടിൽ 《3》 وَأَرْسَلَ عَلَيْهِمْ അവരുടെമേൽ അവൻ അയക്കയും ചെയ്തു طَيْرًا ഒരു തരം പക്ഷികളെ أَبَابِيلَ കൂട്ടംകൂട്ടമായി 《4》 تَرْمِيهِمْ അവ അവരെ എറിഞ്ഞിരുന്നു, എറിഞ്ഞും കൊണ്ട് بِحِجَارَةٍ ഒരു (തരം) കല്ലുകൊണ്ട് مِنْ سِجِّيلٍ സിജ്ജീലിൽ (ഇഷ്ടികക്കല്ലിൽ- ചൂളക്കല്ലിൽ- കളിമണ്ണുകല്ലിൽ)പെട്ട 《5》 فَجَعَلَهُمْ അങ്ങനെ (എന്നിട്ട്) അവൻ അവരെ ആക്കി كَعَصْفٍ വൈക്കോൽ തരുമ്പുപോലെ مَأْكُولٍ തിന്നപ്പെട്ട

'ആനക്കാർ' (أَصْحَابِ الْفِيلِ) എന്ന് പറഞ്ഞത് കഅ്ബഃ പൊളിക്കുവാൻ വന്ന അബ്‌റഹത്തിനെയും സൈന്യത്തെയും ഉദ്ദേശിച്ചുതന്നെ. അവരുടെ തന്ത്രം അഥവാ ഉപായം (كَيْدَهُمْ) കൊണ്ടുദ്ദേശ്യം, കഅ്ബഃയെ നശിപ്പിച്ചു ജനങ്ങളുടെ തീർത്ഥാടന യാത്രകൾ യമനിൽ നിർമിച്ച പുതിയ ദേവാലയത്തിലേക്ക് ആക്കിത്തീർക്കുവാനുള്ള പരിപാടിയുമാകുന്നു. സൈന്യത്തെ പരാജയപ്പെടുത്തിയതിനെക്കുറിച്ച് അല്ലാഹു പറഞ്ഞത് ഇപ്ര

കാരമാണ്: കൂട്ടംകൂട്ടമായ ഒരു തരം പക്ഷികളെ അല്ലാഹു അവരിൽ നിയോഗിച്ചു. അവ അവരെ കളിമണ്ണുകൊണ്ടുള്ള ചൂളവെച്ച ഒരുതരം കല്ലുകൾ- അഥവാ ഇഷ്ടികക്കല്ലുകൾ- കൊണ്ട് എറിഞ്ഞിരുന്നു. അങ്ങനെ, ആ സൈന്യം, കന്നുകാലികൾ തിന്നശേഷം നിലത്ത് കൊഴിഞ്ഞുകിടക്കുന്ന വൈക്കോൽ തുരുമ്പെന്നോണം ചിന്നിച്ചിതറി നശിച്ചുപോയി.

പക്ഷികളെയോ, കല്ലുകളെയോ സംബന്ധിച്ച് കൂടുതലൊന്നും വിവരിക്കുവാൻ സാധ്യമല്ലെന്ന് മുകളിൽ പറഞ്ഞുവല്ലോ. എന്നാൽ, കല്ലിനെക്കുറിച്ച് അല്ലാഹു ഉപയോഗിച്ച വാക്ക് سِجِّيلٍ (സിജ്ജീൽ) എന്നാണ്. ലൂത്ത്വ് നബി (അ)യുടെ ജനതയെ ബാധിച്ച ശിക്ഷ വിവരിക്കുന്ന മദ്ധ്യേ സൂ: ഹൂദിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: وَأَمْطَرْنَا عَلَيْهَا حِجَارَةً مِّن سِجِّيلٍ-هود : ٨٦ (അവരിൽ നാം സിജ്ജീലിന്റെ കല്ല് വർഷിപ്പിക്കുകയും ചെയ്തു.) ചൂളവെച്ച കല്ല് എന്നാണ് അവിടെ ക്വുർആൻ വ്യാഖ്യാതാക്കൾ അതിന് അർത്ഥം കൽപിച്ചിരിക്കുന്നത്. ആകയാൽ, പക്ഷികൾ എറിയുവാൻ കൊണ്ടുവന്നിരുന്ന കല്ല് കളിമണ്ണുകൊണ്ടുള്ളതും ചൂളവെക്കപ്പെട്ടതുമായിരുന്നുവെന്ന് കരുതാവുന്നതാണ്. ഈ കല്ലുകൾ മുഖേന സൈന്യങ്ങൾ കൊല്ലപ്പെടുകയാണോ, അതുമൂലം അവർക്ക് മറ്റ് വല്ല നാശങ്ങളും സംഭവിക്കുകയാണോ ചെയ്തതെന്ന് അല്ലാഹുവിനറിയാം. ഏതായാലും അവരുടെ അതിദാരുണമായ നാശത്തിനും, പരാജയത്തിനും അത് കാരണമായെന്നുള്ളതിൽ സംശയമില്ല. അതുപോലെത്തന്നെ, ഇത് കേവലം സാധാരണമല്ലാത്ത ഒരത്ഭുതമായിരുന്നുവെന്നും സ്പഷ്ടമാകുന്നു.

കൊക്കുകളെപ്പോലെയോ, എറളാടിപ്പക്ഷികളെപ്പോലെയോ ഉള്ള ഒരുതരം പക്ഷികളായിരുന്നു പ്രസ്തുത പക്ഷികളെന്നും, കടലമണിപോലെയോ, പയറുമണിപോലെയോ ചെറുതായിരുന്നു ആ കല്ലുകളെന്നും, കല്ലുകൾ വർഷിച്ചതോടുകൂടി സൈന്യങ്ങളിൽ ഒരുതരം വസൂരിയോ, മറ്റേതോ രോഗമോ പിടിപെട്ടുവെന്നും, അങ്ങനെ അവരുടെ ശരീരങ്ങൾ നുറുങ്ങി നശിച്ചുവെന്നും മറ്റും ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നു. കൂടാതെ, ഏതോ വിഷബീജങ്ങൾ വഹിച്ചിരുന്ന ഒരു തരം ഈച്ചകളായിരുന്നു ആ പക്ഷികളെന്നും, ആ വിഷബീജങ്ങളാണ് 'കല്ല്' കൊണ്ടുദ്ദേശ്യമെന്നും ചില ആധുനിക വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങനെ, ഈ സംഭവത്തെ ഭൗതിക വീക്ഷണങ്ങൾക്കൊപ്പിച്ച് വ്യാഖ്യാനിക്കുവാനും അവർ മുതിർന്നിരിക്കുന്നു. ക്വുർആനിലോ ഹദീഥിലോ കാണപ്പെടുന്ന അസാധാരണ സംഭവങ്ങളിലെല്ലാം ഇതുപോലെ ദുർവ്യാഖ്യാനങ്ങൾ നടത്തി സ്വയം തൃപ്തി അടയുക ഇക്കാലത്ത് പലരുടെയും പതിവാണല്ലോ. ചിലർ അതൊരു 'പരിഷ്കാരം' തന്നെയായിട്ടാണ് ഗണിച്ചുവരുന്നതും.

ചില പുത്തൻ വ്യാഖ്യാനക്കാർ ഈ സൂറത്തിന് അതിനെക്കാളെല്ലാം വിചിത്രവും, ആഭാസകരവുമായ ഒരു അർത്ഥവ്യാഖ്യാനം ഈയിടെയായി നൽകിക്കാണുന്നു. അല്ലാഹുവിലും ക്വുർആനിലും വിശ്വസിക്കുന്ന ഏതൊരാളും- അയാൾക്ക് ഈ സൂറത്തിന്റെ വാക്കർത്ഥമെങ്കിലും അറിയാവുന്നപക്ഷം- ആ അർത്ഥവ്യാഖ്യാനം, അല്ലാഹുവിന്റെ പേരിൽ അവർ കൽപിച്ചുകൂട്ടി കെട്ടിച്ചമച്ചുണ്ടാക്കിയതാണെന്ന് വിധി കൽപിക്കുവാൻ മടിക്കുകയില്ലെന്ന് നമുക്ക് ഉറപ്പുണ്ട്. സംഭവത്തെക്കുറിച്ച് അവരുടെ വിവരണത്തിന്റെ ചുരുക്കം ഇതാണ്: 'അബ്ദുൽ മുത്ത്വലിബും മക്കാ നിവാസികളായ ക്വുറൈശികളും കഅ്ബഃയുടെ പരിസരത്ത് സ്ഥിതിചെയ്യുന്ന അബൂക്വുബൈസ് മലമുകളിൽ കയറിയിരുന്നു. ഇത് കേവലം ഒരു സൂത്രമായിരുന്നു. അബ്റഹത്തും സൈന്യവും സ്ഥലത്ത് കട

ന്നതോടെ ഖുറൈശികൾ കൂട്ടംകൂട്ടമായി അവർക്കുമീതെ വമ്പിച്ച പാറക്കല്ലുകൾ ഉരുട്ടിക്കൊണ്ടിരുന്നു. അതുവഴി സൈന്യം ചതഞ്ഞരഞ്ഞുപോയി.' അല്ലാഹു അക്ബർ! മനുഷ്യന്റെ ചിന്താഗതിക്ക് വക്രതബാധിച്ചാൽ അവന്, എന്തുതന്നെ പറഞ്ഞുകൂടാ?! സൈന്യത്തെ പരാജയപ്പെടുത്തുവാൻ അല്ലാഹു സാധാരണമല്ലാത്ത ഒരുതരം പക്ഷികളെ നിയോഗിച്ചുവെന്നും, ഒരു തരം കല്ലുകൊണ്ട് അവ അവരെ എറിഞ്ഞു നശിപ്പിച്ചുവെന്നും സമ്മതിക്കുവാൻ ഇവരുടെ യുക്തിക്ക് സാധിക്കാത്തതിൽനിന്നും, അതേ സമയത്ത് അല്ലാഹുവിന്റെ പ്രസ്താവന ശരിയല്ലെന്ന് തുറന്നുപറയുവാൻ ധൈര്യം വരാത്തതിൽനിന്നും ഉടലെടുത്തതാണ് ഈ വിവരണം. ഇതിന് അവർ നൽകുന്ന ന്യായീകരണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:- 'ധീരതയിലും, കഅ്ബഃയോടുള്ള ബഹുമാനത്തിലും പേര് കേട്ടവരാണ് ഖുറൈശികൾ. എന്നിരിക്കെ, അവർ കഅ്ബഃ പൊളിക്കാൻ വന്ന സൈന്യത്തോട് നേരിടാതെ ഭീരുത്വം കാട്ടി മലമുകളിൽ കയറിയിരുന്നുവെന്ന് പറയുന്നത് വിശ്വസിക്കാവതല്ല. കഅ്ബഃ പൊളിക്കാൻവന്ന സൈന്യത്തോട് അറബികൾ ധീരമായി പോരാടിയിരുന്നുവെന്ന് കാണിക്കുന്ന പല കവിതകളും നിവേദനങ്ങളും നിലവിലുണ്ട്താനും. പക്ഷേ, സൈന്യത്തിന്റെ വരവ് ഹജ്ജ് ദിവസങ്ങളിലായതുകൊണ്ട് പെട്ടെന്ന് ഒരു യുദ്ധസന്നാഹത്തിന് സാധിച്ചില്ല. അതുകൊണ്ടാണ് സൂത്രജ്ഞനായ അബ്ദുൽമുത്ത്വലിബ് എല്ലാവരോടും അബൂഖുബൈസിൽ കയറുവാൻ കൽപിച്ചത്. ശത്രുക്കളെ അവിടെനിന്ന് കല്ലെറിഞ്ഞു പരാജയപ്പെടുത്താമെന്ന രഹസ്യം അദ്ദേഹം ആദ്യം അവരെ അറിയിക്കാത്തത് കേവലം തന്ത്രമായിരുന്നു...'

ഈ ന്യായീകരണത്തിന്റെ ഉള്ളുകള്ളിയെപ്പറ്റി അൽപമൊന്ന് ചിന്തിക്കുക: (1) അറബികളുടെ ധീരതയും, അവർക്ക് കഅ്ബഃയോടുള്ള മതിപ്പും ശരിതന്നെ. പക്ഷേ, തങ്ങൾക്ക് നേരിടാൻ കഴിയാത്തവണ്ണമുള്ള ശത്രുസേനയെ നേരിട്ട് കൂട്ടത്തോടെ ആത്മഹത്യക്ക് ഒരുങ്ങുകയെന്ന വിഡ്ഢിത്തം അവർക്കുണ്ടായിരുന്നുവെന്ന് കരുതാവതല്ല. അതിരിക്കട്ടെ, ആനപ്പട്ടാളം മക്കഃയിൽ പ്രവേശിച്ചിട്ടുപോലുമില്ല, പ്രവേശനമാർഗത്തിൽവെച്ച് തന്നെ അല്ലാഹു അവരെ തടഞ്ഞു എന്നതാണ് വാസ്തവം. ആ നിലക്ക് അബൂഖുബൈസിന്റെ മുകളിൽനിന്ന് സൈന്യത്തിനുമീതെ പാറക്കല്ലുകൾ ഉരുട്ടി വിട്ടു എന്ന് പറയുന്നതിന് അർത്ഥമില്ലതന്നെ. ഹുദൈബിയാ സംഭവദിവസം നബി തിരുമേനിﷺയുടെ ഒട്ടകം ഒരിടത്തുവെച്ച് മുമ്പോട്ട് നടക്കുവാൻ കൂട്ടാക്കാതെ മുട്ടുകുത്തുകയുണ്ടായി. ഈ അവസരത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചതായി ബുഖാരീ (റ) ഉദ്ധരിക്കുന്നു: 'അതിന് അങ്ങനെ ഒരു സമ്പ്രദായം ഇല്ല. പക്ഷേ, ആനയെ തടഞ്ഞുവെച്ചവൻ അതിനെ തടഞ്ഞുവെച്ചതാണ് (وما دلك لها بخلق ولكن حبسها حابس الفيل) മക്കാവിജയസംഭവം വിവരിച്ച കൂട്ടത്തിൽ നബിﷺ ഇപ്രകാരം പറഞ്ഞതായി ബുഖാരീയും മുസ്‌ലിമും (റ) ഉദ്ധരിക്കുന്നു: അല്ലാഹു മക്കഃയെ സംബന്ധിച്ച് ആനയെ തടഞ്ഞുവെക്കുകയുണ്ടായി. അവന്റെ റസൂലിനും സത്യവിശ്വാസികൾക്കും അതിൽ അധികാരം നൽകുകയും ചെയ്തു.... (ان الله حبس عن مكة الفيل وسلط عليها رسوله والمؤمنين . . .) ആനപ്പട്ടാളം മക്കഃയിൽ പ്രവേശിച്ചിട്ടേയില്ല എന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. ഖുർആന്റെ പ്രസ്താവനകളെമാറ്റിമറിക്കുന്നവർക്ക് ഹദീഥിനെ നിഷേധിക്കുവാൻ ഒട്ടും പ്രയാസം തോന്നുകയില്ലെങ്കിലും സത്യാന്വേഷികൾക്ക് ഇത് തെളിവുതന്നെയാണ്.

(2) അബ്റഹത്തിന്റെ ഉദ്ദേശ്യവും കഅ്ബഃ പൊളിക്കുവാനുള്ള ശ്രമവും അറിഞ്ഞ അറബിഗോത്രങ്ങൾ അതിൽ ക്ഷുഭിതരാവുകയും ചിലരെല്ലാം വഴിമദ്ധ്യെ അവനെ നേരിടുകയും ചെയ്തതായി ചരിത്രങ്ങളിൽ വന്നിട്ടുള്ളത് ശരിയാണ്. യമനിലെ ഒരു പ്രമാ

ണിയായിരുന്ന ദൂനഫർ (ذُونَفر) കുറേ ആളുകളെ ശേഖരിച്ചു അബ്റഹത്തുമായി ഏറ്റു മുട്ടുകയുണ്ടായി. അവർ പരാജയപ്പെടുകയും ദൂനഫർ ബന്ധനസ്ഥനാവുകയുമാണുണ്ടായത്. പിന്നീട് ഖഥ്അം (خثعم) പ്രദേശത്തുവെച്ച് നുഫൈലുബ്നു ഹബീബും അദ്ദേഹത്തിന്റെ ജനതയും മറ്റൊരു യുദ്ധവും നടത്തുകയുണ്ടായി. ഇവർക്കും വിജയം വരിക്കുവാൻ കഴിഞ്ഞില്ല. നുഫൈൽ ബന്ധനസ്ഥനാവുകയും ചെയ്തു. ത്വാഇഫ് വഴിയായിരുന്നു അബ്റഹത്ത് മുന്നേറിയിരുന്നത്. ത്വാഇഫുകാർ ഏറ്റുമുട്ടുവാൻ കഴിവില്ലെന്നുകണ്ട് നയപൂർവ്വം പിൻമാറുകയാണ് ചെയ്തത്. മേൽ പറഞ്ഞതുപോലെയുള്ള സംഘട്ടനങ്ങളിൽ അറബികൾ വഹിച്ച പങ്കും, അവർ കാണിച്ച ധീരകൃത്യങ്ങളുമാണ് ഇവർ ചൂണ്ടിക്കാട്ടിയ ചില കവിതകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ഇതല്ലാതെ, മക്കഃയിൽവെച്ച് ക്വുറൈശികളും അബ്റഹത്തിന്റെ സൈന്യവും തമ്മിൽ ഒരു ഏറ്റുമുട്ടൽ ഉണ്ടായതായി യാതൊരു രേഖയും ഇല്ല. അഥവാ മക്കഃയുടെ അടുത്തുവെച്ച് വല്ലതും ഉണ്ടായിട്ടുണ്ടെന്ന് സങ്കൽപിച്ചാൽതന്നെ -വഴിക്കുവെച്ചുണ്ടായ സംഘട്ടനങ്ങളിൽ സംഭവിച്ചതുപോലെ- അതിൽ ക്വുറൈശികൾക്ക് ചെറുത്തുനിൽക്കുവാൻ കഴിയാതെ അവർ മലമുകളിൽ കയറി അഭയം പ്രാപിക്കുന്നതും സ്വാഭാവികമാണ്. എന്നല്ലാതെ, അബ്ദുൽ മുത്ത്വലിബ് രഹസ്യമായി തയ്യാറാക്കിയ ഒരു ആസൂത്രിത പരിപാടിയായിരുന്നു അത് എന്നുള്ളതിന് ഇക്കൂട്ടരുടെ സ്വന്തം കണക്കുകൂട്ടലല്ലാതെ വേറെ യാതൊരു തെളിവുമില്ല. തെളിവുള്ളത് നേരെ മറിച്ചാണ്താനും. വാസ്തവത്തിൽ -ചില മഹാൻമാർ ചൂണ്ടിക്കാട്ടുന്നതുപോലെ- അല്ലാഹു അവന്റെ വിശുദ്ധ മന്ദിരത്തെ അപ്രതീക്ഷിതവും അസാധാരണവുമായ ഒരു മാർഗത്തിലൂടെ കാത്തുരക്ഷിക്കുന്നതാണെന്ന് ദൃഷ്ടാന്തപൂർവ്വം മനുഷ്യർക്ക് കാട്ടിക്കൊടുക്കുവാൻവേണ്ടി അബ്റഹത്തിന്റെ മുന്നേറ്റത്തിന് വഴിമദ്ധ്യേ നേരിട്ടയുദ്ധങ്ങൾ നിമിത്തം ഭംഗംവരുത്താതിരിക്കയാണ് അവൻ ചെയ്തതെന്നത്രെ മനസ്സിലാക്കേണ്ടത്. الله اعلم

(3) കഅ്ബഃയുടെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന ഒരു മലയാണ് അബൂഖുബൈസ് എന്ന് മക്കഃ സന്ദർശിച്ച എല്ലാവർക്കും അറിയാം. മലയിൽനിന്ന് കഅ്ബഃയുമായി ഏറ്റവും അടുത്തുനിൽക്കുന്ന ഭാഗത്തെ ചരിവിൽ വെച്ച് കല്ലെറിഞ്ഞാൽ കഅ്ബഃയുടെ അടുത്തുവന്ന പട്ടാളത്തെ ഉപദ്രവിക്കുവാൻ കഴിഞ്ഞേക്കുകയും ചെയ്യാം. എന്നാൽ തന്നെയും വേറെ ഭാഗത്തേക്ക് രക്ഷപ്പെടുവാനുള്ള സൗകര്യം അവിടെയുണ്ട്. അതിരിക്കട്ടെ, ഏതായാലും അബൂഖുബൈസിന്റെ മുകളിൽനിന്നാകട്ടെ, മക്കഃയെ ചുറ്റിനിൽക്കുന്ന മറ്റ് മലകളുടെ മുകളിൽ നിന്നാകട്ടെ, ഇവർ പറയും പോലെ വമ്പിച്ച പാറക്കല്ലുകൾ ഉരുട്ടി ഉതിർത്തിക്കൊണ്ട് ഒരു സൈന്യത്തെ ചതച്ചരക്കുവാൻ തക്കവണ്ണം അത്ര അടുത്തോ, സൗകര്യത്തിലോ അല്ല ആ മലകൾ സ്ഥിതിചെയ്യുന്നതെന്ന് ആ സ്ഥലം കണ്ട് മനസ്സിലാക്കിയ ആർക്കും അറിയാവുന്നതാണ്. ഹജ്ജാജുബ്നു യൂസുഫിന്റെയും, അബ്ദുല്ലാഹിബ്നു സുബൈർ (റ)ന്റെയും സൈന്യങ്ങൾ തമ്മിൽ മക്കഃയിൽവെച്ച് നടന്നതും, കഅ്ബഃയുടെ അടുക്കലായിരുന്ന ഇബ്നുസുബൈർ (റ)ന്റെ നേരെ മലമുകളിൽനിന്ന് ഹജ്ജാജിന്റെ സംഘക്കാർ വമ്പിച്ച കല്ലുകൾ ഉതിർത്തതും, കഅ്ബഃക്ക് കേടുപറ്റിയതും ചരിത്രപ്രസിദ്ധമാണ്. മിൻജനീക് (*) എന്ന ഒരു യന്ത്രം മുഖേനയായിരുന്നു അതെന്ന് പ്രസ്താവ്യമത്രെ ഇവിടെ ക്വുറൈശികൾ മിൻജനീകോ മറ്റോ ഉപയോഗിച്ചതായി ഇവരും പറയുന്നില്ല. മാത്രമല്ല, അക്കാലത്തെ അറബികൾക്ക് മിൻജനീകിനെപ്പറ്റി പരിചയവും

(*) കോട്ടകളും മറ്റും പൊളിക്കുന്നതിന് വമ്പിച്ച കല്ലുകൾ ദൂരെനിന്ന് എയ്തുവിടുവാൻ ആ കാലത്ത് ഉപയോഗിച്ചിരുന്ന ഒരു തരം യന്ത്രമായിരുന്നു മിൻജനീക് (منجنيق). ഇന്നത്തെ പീരങ്കികളുടെ സ്ഥാനത്തായിരുന്നു അന്ന് അത്.

ഉണ്ടായിരുന്നില്ല. അത് പിന്നീടാണവർക്ക് പരിചയപ്പെട്ടിട്ടുള്ളതും.

(4) ഇതിനെല്ലാം പുറമെ സംഭവത്തെക്കുറിച്ച് ഇക്കൂട്ടരുടെ സമർത്ഥനവും, ഈ സൂറത്തിന് ഇവർ നൽകുന്ന വ്യാഖ്യാനവും അനുസരിച്ച് 'കൂട്ടംകൂട്ടമായ പക്ഷികൾ (طَيْرًا أَبَابِيلَ) എന്ന് അല്ലാഹു പറഞ്ഞതിന്റെ അർത്ഥം 'കൂട്ടം കൂട്ടമായ മനുഷ്യർ' എന്നായിരിക്കണമല്ലോ. അതുപോലെത്തന്നെ 'ചൂളക്കല്ല്' അഥവാ 'കളിമണ്ണുകൊണ്ടുണ്ടാക്കപ്പെട്ട ഇഷ്ടികക്കല്ല് (حِجَارَةٍ مِّن سِجِّيلٍ)' എന്നതിന്റെ അർത്ഥം 'വമ്പിച്ച പാറക്കല്ല്' എന്നും, അവരെ കല്ലുകൊണ്ട് എറിഞ്ഞിരുന്നു (تَرْمِيهِم بِحِجَارَةٍ)' എന്നതിന്റെ അർത്ഥം 'അവരുടെ മീതെ കല്ലുരുട്ടിയിരുന്നു'വെന്നും ആക്കി മാറ്റേണ്ടിയിരിക്കുന്നു. ഇതെല്ലാം ശരിവെക്കുവാൻ വിശേഷബുദ്ധിയുള്ള ആർക്കാണ് കഴിയുക- ഇവർക്കല്ലാതെ?!

(5) ഇതിനെക്കാൾ ബാലിശമായ മറ്റൊരുകാര്യം! تَرْمِيهِم بِحِجَارَةٍ (അവ അവരെ- അഥവാ ആ പക്ഷികൾ ആ ആനപ്പട്ടാളത്തെ എറിഞ്ഞിരിക്കുന്നു) എന്ന് അല്ലാഹു പറഞ്ഞുവല്ലോ. ഇതിലെ تَرْمِي (തർമീ) എന്ന ക്രിയാരൂപം ഒറ്റക്കെടുക്കുമ്പോൾ -അതിന്റെ മുമ്പും പിമ്പും ഗൗനിക്കാത്തപക്ഷം അതിന് 'നീ എറിഞ്ഞിരുന്നു' എന്നും അർത്ഥം കൽപിക്കാം. ഈ അർത്ഥമാണ് ഇവിടെ ഉദ്ദേശ്യമെന്നത്രെ ഈ വ്യാഖ്യാനക്കാർ പറയുന്നത്. എന്നാൽ പക്ഷികളുടെ ഏറ് ഒഴിവാക്കാമല്ലോ. അങ്ങനെയാണെങ്കിൽ 'നീ' എന്ന് ഏകവചനമാക്കിയത് എന്തുകൊണ്ടാണെന്ന് ചോദിക്കപ്പെടുന്നപക്ഷം, അതിന് അവരുടെ മറുപടി ഇപ്രകാരമാകുന്നു: 'ഇവിടെ 'നീ' എന്ന് ഏകവചനമാണെങ്കിലും അതുകൊണ്ട് 'നിങ്ങൾ' എന്ന് ബഹുവചനമാണ് ഉദ്ദേശ്യം.' ഇതൊന്നും നാം ഊഹിച്ച് പറയുന്നതല്ല. ഇക്കൂട്ടരുടെ സ്വന്തം കൃതികളിൽനിന്ന് നാം ചുരുക്കി ഉദ്ധരിക്കുന്നതാണ്. അവ നേരിൽ കാണുവാൻ സാധിച്ചവർക്കും ഇതും ഇതിനെക്കാൾ വമ്പിച്ചതുമായ പല വഷളത്തരങ്ങളും അവയിൽ കാണാവുന്നതാണ്. എനി, വല്ലവരും അവരോട് ആരെക്കുറിച്ച് ഇവിടെ 'നിങ്ങൾ' എന്ന് പറഞ്ഞതെന്ന് ചോദിച്ചാൽ ഒരുപക്ഷേ അവർ മറുപടി പറഞ്ഞേക്കും: 'നിങ്ങൾ' എന്നാൽ 'അവർ' എന്നും, 'അവർ' എന്നാൽ ക്വുറൈശികൾ എന്നുമാണ് ഉദ്ദേശ്യമെന്ന്. അത്ഭുതം! ലജ്ജയില്ലെങ്കിൽ തോന്നിയത് ചെയ്യാമല്ലോ. (اذالم تستحي فاصنع ماشئت)

കൂടുതൽ ദീർഘിപ്പിക്കേണ്ടുന്ന ആവശ്യമില്ല. ഇത്രയും പ്രസ്താവിച്ചതിൽനിന്നുതന്നെ ഭൗതികതിമിരം തീണ്ടാത്തവർക്ക് സത്യം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ആരെന്ത് ദുർവ്യാഖ്യാനങ്ങളോ, യുക്തിന്യായങ്ങളോ സമർപ്പിച്ചാലും ശരി, അല്ലാഹുവും അവന്റെ റസൂലും സ്പഷ്ടമായ ഭാഷയിൽ പ്രസ്താവിച്ച ഏതൊരു കാര്യവും, അതേപടി സ്വീകരിക്കുകയും, യുക്തിയും ശാസ്ത്രവും അതോട് അങ്ങോട്ട് യോജിപ്പിക്കുവാൻ ശ്രമിക്കുകയുമല്ലാതെ, നമ്മുടെ ആശയത്തിനും താൽപര്യത്തിനും ഒപ്പിച്ച് ക്വുർആനെ വ്യാഖ്യാനിക്കുവാൻ സത്യവിശ്വാസികൾക്ക് നിവൃത്തിയില്ല. ചില കാര്യങ്ങളെപ്പറ്റി സാധാരണ സംഭവങ്ങളെന്നും, മറ്റ് ചിലതിനെപ്പറ്റി അസാധാരണ സംഭവങ്ങളെന്നും നാം പറയുന്നു. ചില കാര്യങ്ങളെപ്പറ്റി അവ പ്രകൃതിനിയമങ്ങളാണെന്നും, മറ്റ് ചിലതിനെപ്പറ്റി അവ പ്രകൃതിനിയമത്തിനതീതമാണെന്നും വിധി കൽപിക്കുന്നു. വാസ്തവത്തിൽ ഈ തരംതിരിക്കലിലുള്ള മാനദണ്ഡം നമ്മുടെ പതിവും പരിചയവും മാത്രമാണ്. അല്ലെങ്കിൽ- മർഹൂം സയ്യിദ് ക്വുത്ബ് ഈ സൂറത്തിന്റെ വിവരണത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ -സൂര്യൻ ദിനംപ്രതി കിഴക്കുനിന്ന് ഉദിച്ച് കണ്ട് പരിചയപ്പെട്ടതുകൊണ്ടും, കുട്ടികൾ ജനിക്കുന്നത് നിത്യപതിവായതുകൊണ്ടും അവയെല്ലാം സാധാരണ സംഭവങ്ങളായി നാം ഗണിക്കുന്നുവെന്നേയുള്ളൂ. മനുഷ്യന്റെ കഴിവിനെ അപേക്ഷിച്ചുനോക്കുമ്പോൾ, അവ

ഓരോന്നും അസാധാരണവും അമാനുഷികവുമായ സംഭവങ്ങളല്ലാതെ മറ്റെന്താണ്?! യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി മനസ്സിലാക്കാനുള്ള തൗഫീക്വും ഹിദായത്തും അല്ലാഹു നമുക്കെല്ലാം പ്രദാനം ചെയ്യട്ടെ. ആമീൻ.

﴿اللهم لك الحمد والمنة﴾

سورة الهمزة

104. സൂറതുൽ ഹുമസഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 9

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝١

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَيۡلٞ لِّكُلِّ هُمَزَةٖ لُّمَزَةٍ ۝١

《1》 (അന്യരെ) കുത്തിപ്പറയുന്നവരും കുറവാക്കുന്നവരുമായ എല്ലാവർക്കും നാശം!

ٱلَّذِي جَمَعَ مَالٗا وَعَدَّدَهُۥ ۝٢

《2》 അതായത്, ധനം ശേഖരിക്കുകയും, അത് എണ്ണി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന് (നാശം).

يَحۡسَبُ أَنَّ مَالَهُۥٓ أَخۡلَدَهُۥ ۝٣

《3》 അവന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കുന്നുവെന്ന് അവൻ വിചാരിക്കുന്നു.

《1》 وَيۡلٌ നാശം, കഷ്ടപ്പാട് لِكُلِّ هُمَزَةٍ എല്ലാ കുത്തിപ്പറയുന്ന (ഇടിച്ചുതാഴ്ത്തുന്ന)വർക്കും لُمَزَةٍ ദുഷിച്ചുപറയുന്ന (കുറവാക്കിപ്പറയുന്ന)വരായ 《2》 الَّذِي جَمَعَ അതായത് ശേഖരിച്ച (ഒരുമിച്ചുകൂട്ടിയ)വൻ مَالًا ധനം, സ്വത്ത് وَعَدَّدَهُ അതിനെ എണ്ണിനോക്കിക്കൊണ്ടിരിക്കയും ചെയ്ത 《3》 يَحۡسَبُ അവൻ കണക്കാക്കുന്നു, വിചാരിച്ചുകൊണ്ട് أَنَّ مَالَهُ അവന്റെ ധനം (ആകുന്നു) എന്ന് أَخۡلَدَهُ അവനെ ശാശ്വതനാക്കി (സ്ഥിരവാസിയാക്കി)യിരിക്കുന്നു

കുറേ ധനം ശേഖരിച്ചുണ്ടാക്കുകയും, അത് വേണ്ടപ്പെട്ട വിഷയങ്ങളിൽ വിനിയോഗിക്കാതെ അഹങ്കാരപൂർവ്വം അതിന്റെ എണ്ണവും വണ്ണവും മാത്രം ചിന്താവിഷയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ദുഷ്ടൻമാരിൽ സ്വാഭാവികമായും കാണാവുന്ന സമ്പ്രദായമാണ് അന്യരെ കുത്തുവാക്കുകൾ ഉപയോഗിച്ചു താഴ്ത്തലും, കുറ്റവുംകുറവും എടുത്തുകാട്ടി

ദുഷിച്ചുകൊണ്ടിരിക്കലും, തങ്ങളുടെ ധനം തങ്ങൾക്ക് ഈ ലോകത്ത് ശാശ്വതജീവിതം നേടിക്കൊടുത്തിട്ടുണ്ടെന്നും, തങ്ങളും തങ്ങളുടെ ധനവും ഒരിക്കലും നശിക്കുകയില്ലെന്നുമുള്ള ഭാവമായിരിക്കും ആ ധനപൂജകൻമാരിൽനിന്ന് പ്രകടമാകുന്നത്. ഇങ്ങനെയുള്ളവർക്ക് വമ്പിച്ച നാശമാണുള്ളതെന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുകയാണ്.

كَلَّا ۖ لَيُنۢبَذَنَّ فِى ٱلْحُطَمَةِ ﴿٤﴾

《4》 വേണ്ട! നിശ്ചയമായും അവൻ 'ഹുത്വമഃ'യിൽ, [ധ്വംസിച്ചു കളയുന്ന നരകത്തിൽ] എറിയപ്പെടുന്നതാണ്.

وَمَآ أَدْرَىٰكَ مَا ٱلْحُطَمَةُ ﴿٥﴾

《5》 'ഹുത്വമഃ' എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!-

نَارُ ٱللَّهِ ٱلْمُوقَدَةُ ﴿٦﴾

《6》 അല്ലാഹുവിന്റെ ജ്വലിപ്പിക്കപ്പെട്ട അഗ്നിയത്രെ (അത്)!-

ٱلَّتِى تَطَّلِعُ عَلَى ٱلْأَفْـِٔدَةِ ﴿٧﴾

《7》 (എന്നുവെച്ചാൽ) ഹൃദയങ്ങളിൽ (കയറിച്ചെന്ന്) എത്തിനോക്കുന്നത്.

إِنَّهَا عَلَيْهِم مُّؤْصَدَةٌ ﴿٨﴾

《8》 നിശ്ചയമായും, അത് അവരുടെമേൽ അടച്ചുമൂടപ്പെടുന്നതായിരിക്കും:-

فِى عَمَدٍ مُّمَدَّدَةٍ ﴿٩﴾

《9》 നീട്ടിയുണ്ടാക്കപ്പെട്ട (വമ്പിച്ച) തൂണുകളിലായിക്കൊണ്ട്.

《4》 كَلَّا വേണ്ട لَيُنْبَذَنَّ നിശ്ചയമായും അവൻ ഇടപ്പെടും, എറിയപ്പെടും فِي الْحُطَمَةِ 'ഹുത്വമഃ'യിൽ 《5》 وَمَا أَدْرَاكَ നിനക്ക് എന്തറിയാം مَا الْحُطَمَةُ 'ഹുത്വമഃ' എന്താണെന്ന് 《6》 نَارُ اللَّهِ അല്ലാഹുവിന്റ അഗ്നിയാണ് الْمُوقَدَةُ കത്തിക്ക (ജ്വലിപ്പിക്ക)പ്പെട്ട 《7》 الَّتِي تَطَّلِعُ എത്തിക്കുന്നതായ, കയറിച്ചെല്ലുന്നതായ عَلَى الْأَفْئِدَةِ ഹൃദയങ്ങളുടെമേൽ 《8》 إِنَّهَا നിശ്ചയമായും അത് عَلَيْهِم അവരുടെമേൽ مُؤْصَدَةٌ അടച്ചുമൂടപ്പെട്ടതായിരിക്കും 《9》 فِي عَمَدٍ ചില തൂണുകളിലായിട്ട് مُمَدَّدَةٍ നീട്ടിയുണ്ടാക്കപ്പെട്ട, നീണ്ട (വമ്പിച്ച)

الْحُطَمَةُ (ഹുത്വമഃ) എന്നത് നരകത്തിന്റെ വിശേഷണനാമങ്ങളിൽ ഒന്നാകുന്നു. അതിൽ ഇടപ്പെടുന്ന ഏതൊരു വസ്തുവെയും കത്തിച്ചു നശിപ്പിക്കുമാറ് അതികഠിനമായത് എന്ന് സാരം. ഇതിന്റെ ഒരു വിശദീകരണമത്രെ തുടർന്നുകാണുന്നത്. സാധാരണ അറിയപ്പെടുന്ന അഗ്നിയല്ല നരകാഗ്നി. അല്ലാഹു പ്രത്യേകം തയ്യാറാക്കിവെച്ചിട്ടുള്ള കഠിനകഠോരമായ ഒരു പ്രത്യേക അഗ്നിയാണത്. മാംസമോ, ബാഹ്യാവയവങ്ങളോ മാത്രമല്ല ആ അഗ്നി എരിച്ചു കളയുന്നത്. ഹൃദയങ്ങളുടെ ഉള്ളോട്ട് കയറിച്ചെന്ന് അവയെയും അത് കടന്നാക്രമിക്കുന്നതാണ്. മാത്രമല്ല, വമ്പിച്ച നെടുംതൂണുകൾക്കുള്ളിൽ അവർ ബന്ധിക്കപ്പെടുകയും, വാതിലുകൾ അടച്ചു മൂടപ്പെടുകയും ചെയ്യുന്നു. അങ്ങനെ, യാതൊരു

തരത്തിലുള്ള ആശ്വാസത്തിനും യാതൊരു പഴുതും കിട്ടാതെ നാനാഭാഗത്തൂടെയും അവർ നിത്യയാതന അനുഭവിച്ചുകൊണ്ടിരിക്കയും ചെയ്യും. എന്നിങ്ങനെ നരകശിക്ഷയുടെ ഗൗരവത്തെപ്പറ്റി അല്ലാഹു വർണിച്ചിരിക്കുകയാണ്. ഇതെല്ലാം പരലോക സംബന്ധമായ അദൃശ്യകാര്യങ്ങളാകകൊണ്ട് കൂടുതൽ വിശദീകരണങ്ങളൊന്നും സാധ്യമല്ല. അല്ലാഹുവിന്റെ വിവരണത്തിൽ നിന്നുതന്നെ അതിന്റെ ഗൗരവം ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാക്കാമല്ലോ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.

سورة العصر

103. സൂറതുൽ അസ്വ്ർ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 3

ഉബൈദുല്ലാഹിബ്നു ഹഫ്സ്വഃ (റ) പറഞ്ഞതായി ഇമാം ത്വബ്റാനീ (റ) ഉദ്ധരിച്ചിരിക്കുന്നു: 'നബി തിരുമേനിﷺയുടെ സ്വഹാബികളിൽ രണ്ടുപേർ തമ്മിൽ കണ്ടുമുട്ടിയാൽ, ഒരാൾ മറ്റേയാളെ സൂറത്തുൽ- അസ്വ്ർ ആദ്യന്തം ഓതിക്കേൾപ്പിക്കാതെ അവർ പിരിഞ്ഞു പോകാറില്ല. അനന്തരം ഒരാൾ മറ്റേയാൾക്ക് സലാം ചൊല്ലി (പിരിഞ്ഞു) പോകും.' ഇമാം ശാഫിഈ (റ) ഈ സൂറത്തിനെപ്പറ്റി പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഈ സൂറത്തല്ലാതെ മറ്റൊന്നും അവതരിച്ചിട്ടില്ലായിരുന്നുവെങ്കിലും ജനങ്ങൾക്ക് ഇത് മതിയാകുമായിരുന്നു. കാരണം, ക്വുർആനിലെ എല്ലാ വിജ്ഞാനങ്ങളും അതുൾക്കൊണ്ടിരിക്കുന്നു.' അവയുടെ മൗലികമായ വശങ്ങൾ സംക്ഷിപ്തമായി അതിൽ അടങ്ങിയിട്ടുണ്ടെന്ന് സാരം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلۡعَصۡرِ ﴿١﴾

﴾1﴿ കാലംതന്നെയാണ (സത്യം)!

إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ ﴿٢﴾

﴾2﴿ നിശ്ചയമായും, മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്;-

إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ وَتَوَاصَوۡاْ بِٱلۡحَقِّ وَتَوَاصَوۡاْ بِٱلصَّبۡرِ ﴿٣﴾

﴾3﴿ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും, യഥാർത്ഥത്തെക്കുറിച്ച് അന്യോന്യം 'വസ്വിയ്യത്ത്' [ബലമായ ഉപദേശം] ചെയ്യുകയും, ക്ഷമയെക്കുറിച്ച് അന്യോന്യം 'വസ്വിയ്യത്ത്' ചെയ്യുകയും ചെയ്തവരൊഴികെ. [ഇവർ മാത്രം നഷ്ടത്തിലല്ല.]

وَالْعَصْرِ ﴿1﴾ കാലംതന്നെയാണ ﴿2﴾ إِنَّ الْإِنسَانَ നിശ്ചയമായും മനുഷ്യൻ لَفِي خُسْرٍ നഷ്ടത്തിൽ തന്നെ ﴿3﴾ إِلَّا الَّذِينَ യാതൊരുവരൊഴികെ آمَنُوا വിശ്വസിച്ച وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കയും ചെയ്ത وَتَوَاصَوْا അന്യോന്യം വസ്വിയ്യത്തും ചെയ്ത بِالْحَقِّ യഥാർത്ഥത്തെ (സത്യത്തെ- ന്യായത്തെ- കടമയെ- വേണ്ട തിനെ)പ്പറ്റി وَتَوَاصَوْا അന്യോന്യം വസ്വിയ്യത്തും ചെയ്ത بِالصَّبْرِ ക്ഷമ (സഹനം) കൊണ്ട്

നല്ലതോ ചീത്തയോ, ചെറുതോ വലുതോ, സാധാരണമോ അസാധാരണമോ, സന്തോഷകരമോ, സന്താപകരമോ ഏതായിരുന്നാലും ശരി, കാലാകാലങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന എണ്ണമറ്റ സംഭവങ്ങളെല്ലാംതന്നെ കാലത്തിന്റെ കണ്ണികളിൽ ഒതുങ്ങിനിൽക്കുന്നവയത്രെ. കാലം സാക്ഷിയാവാത്ത- കാലം സ്പർശിക്കാത്ത- കാര്യങ്ങളോ, കാരണങ്ങളോ, ചരിത്രങ്ങളോ ഇല്ല. എന്നാൽ, മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ആദ്യംതൊട്ടവസാനം വരേക്കും ബാധകമായ ഒരു നിയമം- കാലമുള്ളകാലത്തോളം നീക്കുപോക്കില്ലാതെ സ്ഥിരപ്പെട്ടു നിൽക്കുന്ന ഒരു യാഥാർത്ഥ്യം- കാലത്തെ മുൻനിറുത്തി സത്യംചെയ്തുകൊണ്ട് അല്ലാഹു നമ്മെ അറിയിക്കുന്നു. സത്യവിശ്വാസം, സൽക്കർമങ്ങൾ, യഥാർത്ഥത്തെപ്പറ്റി പരസ്പരം ഉപദേശിക്കൽ, ക്ഷമയെപ്പററി പരസ്പരം ഉപദേശിക്കൽ എന്നീ നാല് കാര്യങ്ങൾ അനുഷ്ഠിക്കാത്ത മനുഷ്യരെല്ലാം നഷ്ടക്കാരാണ്. അഥവാ അനുഷ്ഠിച്ചവർ മാത്രമാണ് ലാഭം നേടിയവർ. ഇതാണ് ആ യാഥാർത്ഥ്യം.

ഭൗതികനേട്ടങ്ങളിലോ, ഐഹിക വ്യാപാരങ്ങളിലോ, സ്വാർത്ഥതാൽപര്യങ്ങളിലോ, സുഖാഡംബരങ്ങളിലോ നേരിട്ടേക്കുന്ന നഷ്ടമല്ല ഇവിടെ ഉദ്ദേശിക്കുന്ന നഷ്ടം. അല്ലാഹു ഉദ്ദേശിച്ച നഷ്ടം ഏതായിരിക്കുമെന്ന് കണ്ടുപിടിക്കുവാൻ വലിയ ബുദ്ധിയോ യുക്തിയോ ഒന്നും വിനിയോഗിച്ചു സാഹസപ്പെടേണ്ടതില്ല. അത് അല്ലാഹുതന്നെ പലപ്പോഴും നമുക്ക് വിവരിച്ചു തന്നിട്ടുള്ളതാകുന്നു. ഉദാഹരണമായി: —

(1) സൂ: കഹ്ഫ് 102 – 106 നോക്കുക. ഇഹത്തിൽവെച്ച് ചെയ്ത കർമങ്ങൾ പാഴായിത്തീരുകയും, അതോടൊപ്പം തങ്ങൾ ചെയ്യുന്നത് നല്ലതാണെന്ന് വിചാരിക്കുകയും ചെയ്യുന്നവർ- എന്നുവെച്ചാൽ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടേണ്ടിവരുന്നതിലും അവിശ്വസിച്ചത് നിമിത്തം മുൻചെയ്ത കർമങ്ങളെല്ലാം ഫലശൂന്യമായി നരകശിക്ഷക്ക് അർഹരായിത്തീർന്നവർ- ഇവരാണ് ഏറ്റവും വലിയ നഷ്ടക്കാരെന്നാണ് അവിടെ അല്ലാഹു പറയുന്നത്.

(2) സൂ: മുനാഫിക്വൂൻ 9 നോക്കുക. സ്വത്തുക്കളും മക്കളും നിമിത്തം ദൈവസ്മരണയിൽ അശ്രദ്ധരായിത്തീർന്നവരാണ് നഷ്ടക്കാർ എന്ന് അവിടെ പറയുന്നു.

(3) സൂ: ഹജ്ജ് 11 ൽ പറഞ്ഞതിന്റെ സാരം, നന്മ ബാധിക്കുമ്പോൾ മനസ്സമാധാനപ്പെട്ടും, തിന്മ ബാധിക്കുമ്പോൾ സ്ഥിതി അവതാളത്തിലായികൊണ്ടും ചഞ്ചല മനസ്സോടെ അല്ലാഹുവിന് ആരാധനനടത്തുന്നവരുടെ നഷ്ടമാണ് ഇഹത്തിലും പരത്തിലുമുള്ള സ്പഷ്ടമായ നഷ്ടം എന്നത്രെ.

(4) ഇസ്‌ലാമല്ലാത്ത ഒരു മതത്തെ ആരെങ്കിലും അന്വേഷിക്കുന്നപക്ഷം അത് സ്വീകാര്യമല്ലെന്നും, അവൻ പരലോകത്ത് നഷ്ടക്കാരനാണെന്നും, സൂ: ആലുഇംറാൻ 85 ലും പറയുന്നു. അപ്പോൾ, അല്ലാഹു ഉദ്ദേശിക്കുന്ന നഷ്ടം ഏതാണെന്ന് മറ്റെവിടെയും പരതിനോക്കാതെ ഇതിൽനിന്നെല്ലാം മനസ്സിലായല്ലോ.

ഈ നഷ്ടത്തിൽനിന്ന്- അതല്ലാത്തനഷ്ടങ്ങളെല്ലാം കേവലം നാമമാത്രനഷ്ടങ്ങളാണ്- ഒഴിവാകുവാൻ നാല് കാര്യങ്ങളാണ് അല്ലാഹു ഉപാധിയായി എടുത്തുകാട്ടുന്നത്. 1 -ാമത് വിശ്വാസം. അതായത്, അല്ലാഹുവിലും അവന്റെ പ്രവാചകൻമാരിലും, വേദഗ്രന്ഥങ്ങളിലും, അന്ത്യനാൾ തുടങ്ങിയ കാര്യങ്ങളിലുമുള്ള വിശ്വാസം. വിശ്വാസം നാമമാത്രമായാൽപോരാ. ദൃഢമായതും, സൽക്കർമങ്ങൾക്ക് പ്രചോദനം നൽകുന്നതുമായിരിക്കണം. (സൂ: ഹുജുറാത്ത് 14- 15 ഉം മറ്റും നോക്കുക) 2 -ാമത് സൽക്കർമം പ്രവർത്തിക്കൽ. മേൽപറഞ്ഞ സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തിന്റെ നാനാതുറകളിലും അനുസരിക്കപ്പെടേണ്ടതുള്ള നിയമനിർദ്ദേശങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. അല്ലാഹുവിന് ചില ആരാധനാകർമങ്ങൾ മാത്രം നിർവഹിക്കുന്നതുകൊണ്ട് ഒരാൾ സൽക്കർമിയായിത്തീരുന്നതല്ല. മറിച്ച് ജനങ്ങളോടും സഹസൃഷ്ടികളോടും തന്നോട് തന്നെയും പാലിക്കേണ്ടുന്ന കടമകളും മര്യാദകളും പാലിക്കുമ്പോഴേ ഒരാൾ ശരിയായ സൽക്കർമിയായിത്തീരുകയുള്ളൂ.

3 -ാമത് പരസ്പരം യഥാർത്ഥംകൊണ്ട്- അഥവാ വിശ്വാസപരമായോ കർമപരമായോ വേണ്ടപ്പെട്ടതും സ്ഥിരപ്പെട്ടതുമായ എല്ലാ കാര്യങ്ങൾകൊണ്ടും- അന്യോന്യം വസ്വിയ്യത്ത് ചെയ്യുകയാണ്. ഇന്ന കാര്യം ഇന്നപ്രകാരമാണ് വേണ്ടത് എന്ന് പറഞ്ഞുകൊടുത്താൽ മാത്രം പോരാ. അത് പ്രവർത്തനത്തിൽ വരുത്തുവാൻ പ്രേരിപ്പിക്കുമാറ് സദുപദേശരൂപത്തിലും, ബലവത്തായ രീതിയിലും ആയിരിക്കേണ്ടതുണ്ട് എന്നാണ് 'വസ്വിയ്യത്ത്' (وَصِيَة) എന്ന പ്രയോഗം കാണിക്കുന്നത്. *(*)* വേണ്ടപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഉപദേശം നൽകലും വെറുക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് വിരോധിക്കലും (الامر بالمعروف والنهي عن المنكر) മുസ്‌ലികളുടെ പൊതുകടമയാണെന്ന കാര്യം ഇവിടെ സ്മരണീയമാകുന്നു. വ്യക്തിപരമെന്നോ, സാമൂഹ്യമെന്നോ വ്യത്യാസമില്ലാതെ എല്ലാ കാര്യത്തിലും ഓരോരുത്തനും അവനവന്റെ കഴിവനുസരിച്ച് ഇത് നിർവഹിക്കുവാൻ ബാധ്യസ്ഥനാകുന്നു.നാലാമത്തേത് ക്ഷമയെ പറ്റി പരസ്പരം വസ്വിയ്യത്ത് ചെയ്യലത്രെ. ജനങ്ങൾക്ക് സത്യോപദേശങ്ങൾ നൽകുമ്പോൾ അതിന്നെതിരിൽ നേരിട്ടേക്കാവുന്ന എതിർപ്പുകളെയും, വിഷമങ്ങളെയും സഹിക്കുക, ആപത്തുകളിലും, പരീക്ഷണങ്ങളിലും ക്ഷമ കൈകൊള്ളുക, അനുവദനീയമല്ലാത്ത കാര്യങ്ങൾ വർജ്ജിക്കുകയോ കൽപിക്കപ്പെട്ട കാര്യങ്ങൽ അനുഷ്ഠിക്കുകയോ ചെയ്യുന്നതിൽ നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകളെ ക്ഷമാപൂർവ്വം തരണം ചെയ്യുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇന്നത്തെപ്പോലെ പരിസരവും സമൂഹവും സദാചാരമൂല്യങ്ങളിൽനിന്ന് അകന്നുപോകുംതോറും ക്ഷമയുടെ വൃത്തം വിപുലമായിത്തീരുകയും, പരസ്പരം ക്ഷമയെപ്പറ്റി ഉപദേശിക്കുന്നതിന്റെ ആവശ്യകത വർദ്ധിക്കുകയുമാണ് ചെയ്യുന്നത്. (وَمِن الله التوفيق) വലുപ്പം നോക്കുമ്പോൾ വളരെ ചെറുതാണെങ്കിലും, ഒരു വ്യാഖ്യാനമൊന്നും കൂടാതെത്തന്നെ ഉള്ളടക്കം വ്യക്തമായതും, അതിവിപുലവും അർത്ഥഗർഭവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണ് ഈ സൂറത്ത് എന്ന് കാണാം. വ്യക്തികളുടെയും സമുദായത്തിന്റെയും വിജയമാർഗങ്ങൾ മുഴുവനും അതിൽ സംക്ഷിപ്തമായി വിവരിക്കപ്പെട്ടിരിക്കുന്നു.

തക്കം കാണുമ്പോഴെല്ലാം ക്വുർആൻ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ഭൗതിക താൽപര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കാറുള്ള ചില ആധുനിക വാദികൾ ഈ സൂറത്തിന് അവരുടെ വക ഒരു പുതിയ അർത്ഥവ്യാഖ്യാനം കൽപ്പിച്ച് കാണുകയുണ്ടായി. അത് ഏതാണ്ടിങ്ങിനെ വിവരിക്കാം: പഞ്ചസാരക്ക് മധുരമുണ്ട്, അമേരിക്കയിലെ

(*) الوصية التقدم الى الغير بما يعمل به مقترنا بوعظ – المفردات

പ്രസംഗം റേഡിയോ വഴി ഇന്ത്യയിൽ കേൾക്കാം, പരിഷ്കരിച്ച ബഹിരാകാശ വാഹനങ്ങൾ ഉപയോഗപ്പെടുത്തി മനുഷ്യന് ചന്ദ്രനിലും മറ്റ് ഗോളങ്ങളിലും പോയിവരുവാൻ കഴിയും എന്നിവ പോലെയുള്ള 'യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുക'യും, അവ പ്രായോഗികമാക്കുവാൻ വേണ്ടുന്ന 'സൽക്കർമങ്ങൾ പ്രവർത്തിക്കുക'യും അങ്ങനെയുള്ള 'യാഥാർത്ഥ്യങ്ങളെക്കു'റിച്ചും, അവ പ്രാവർത്തികമാക്കുന്നതിൽ നേരിടുന്ന വിഷമങ്ങൾ 'സഹിക്കുന്നതിനെ'ക്കുറിച്ചും പരസ്പരം ഉപദേശിക്കുകയും ചെയ്യാതിരുന്നാൽ മനുഷ്യന്റെ 'ജീവിതപുരോഗതി' നഷ്ടപ്പെടും. ഈ നാല് ഗുണങ്ങൾകൊണ്ടാണ് യൂറോപ്യൻ സമുദായങ്ങൾ ലോകത്ത് വമ്പിച്ച പുരോഗതി പ്രാപിച്ചത്. ഇതാണ് അതിന്റെ ചുരുക്കം (سُبْحَانَ الله) ആശ്ചര്യം! ഈ വ്യാഖ്യാനത്തിൽ നിന്ന് അല്ലാഹുവിന്റെ ക്വുർആൻ എത്രയോ പരിശുദ്ധം തന്നെ! ഭൗതിക ലാഭനഷ്ടങ്ങളുടെയും ജയാപജയങ്ങളുടെയും മാനദണ്ഡങ്ങളായി ഇവർ സമർത്ഥിക്കുന്ന ഈ സമർത്ഥനം അതിന്റെ മുഖവിലക്കു തന്നെ നമുക്കും തെല്ലൊക്കെ വകവെക്കാം. പക്ഷേ, സൂറത്തുൽ അസ്വ്റിന്റെ ആശയവും താൽപര്യവും അതുമായി അൽപബന്ധം പോലുമില്ലതന്നെ. അല്ലാഹുവിലും ക്വുർആനിലും ശരിക്ക് വിശ്വസിക്കുന്ന ഒരു മുസ്‌ലിമിന് -അയാൾ വളരെ വിവരസ്ഥനൊന്നുമല്ലെങ്കിലും ശരി- കേവലം എന്തോ താൽപര്യപൂർവ്വം പുതുതായി ചമക്കപ്പെട്ട ഒരു കടുത്ത ദുർവ്യാഖ്യാനമാണിതെന്ന് മനസ്സിലാക്കുവാൻ പരസഹായമൊന്നും ആവശ്യമില്ല. സൂ:ബനൂഇസ്‌റാഈലിലെ 18, 19 എന്നീ രണ്ട് തിരുവചനങ്ങൾ ഈ സന്ദർഭത്തിൽ ഓർമിക്കുന്നത് നന്നായിരിക്കും. مَنْ كَانَ يُرِيدُ العاجِلَة - الى قوله : كان سعيهم مشكورا (സാരം: ക്ഷണികമായ ഈ ലോകത്തെ ആരെങ്കിലും ഉദ്ദേശിക്കുന്നതായാൽ, നാം വേണമെന്ന് വെക്കുന്നത് അവിടത്തിൽ അവന് നാം ക്ഷണത്തിൽ കൊടുക്കുന്നതാണ്. പിന്നീട് അവന് നരകത്തെ നാം ഏർപ്പെടുത്തിക്കൊടുക്കും. ആക്ഷേപിക്കപ്പെട്ടവനായും, നിന്ദിക്കപ്പെട്ടവനായും കൊണ്ട് അവൻ അതിൽ കടന്നെരിയുന്നതാണ്. ആരെങ്കിലും പരലോകത്തെ ഉദ്ദേശിക്കുകയും അവൻ സത്യവിശ്വാസിയായും കൊണ്ട് അതിനുവേണ്ടി അതിന്റേതായ പരിശ്രമം പരിശ്രമിക്കുകയും ചെയ്താൽ അങ്ങനെയുള്ളവരുടെ പരിശ്രമം നന്ദിചെയ്യപ്പെടുന്നതായിരിക്കും.)

﴿ولله الحمد والمنة وله الفضل﴾